# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 26 | Issue 9 | Fortnightly | January 1, 2015 | Page 40 | ₹ 5




പിഎസ്‌സി ചെയർമാൻ ഡോ. കെ എസ് രാധാകൃഷ്ണൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ
2013 – 14 കാലയളവിലെ വാർഷിക റിപ്പോർട്ട്
ബഹു. കേരള ഗവർണർ ശ്രീ. ജസ്റ്റിസ് (റിട്ട.) പി സദാശിവത്തിന് സമർപ്പിക്കുന്നു

പുതുവത്സരാശംസകൾ




## അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ
## അസിസ്റ്റന്റ് /ആഡിറ്റർ – പിഎസ്‌സി/സെക്രട്ടേറിയേറ്റ്
## അസിസ്റ്റന്റ് സർജൻ/കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ
## മുനിസിപ്പൽ സെക്രട്ടറി
## സെക്രട്ടറി – ബ്ലോക്ക് പഞ്ചായത്ത്

തുടങ്ങി

# 236

തസ്തികകളിൽ വിജ്ഞാപനം




## ഒറ്റത്തവണ രജിസ്ട്രേഷൻ ഫോട്ടോ സംബന്ധിച്ച നിർദ്ദേശങ്ങൾ

1.1.2012 മുതൽ പ്രാബല്യത്തിലുള്ള വൺ–ടൈം രജിസ്ട്രേഷൻ, കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി നടത്തിയശേഷമാണ് ഉദ്യോഗാർത്ഥികൾ വിവിധ തസ്തികകൾക്കായി അപേക്ഷ സമർപ്പിക്കേണ്ടത്. ഫോട്ടോ അപ്‌ലോഡ് ചെയ്യുമ്പോൾ പരീക്ഷാർത്ഥികൾ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. **ഫോട്ടോയിൽ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും പതിച്ചിരിക്കണം.**
2. **1–8–2014 മുതൽ കമ്മീഷൻ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ പ്രകാരം ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷ സമർപ്പിക്കുന്ന തീയതിക്ക് ഒരു വർഷത്തിനകം എടുത്ത ഫോട്ടോ ആയിരിക്കണം അപ്‌ലോഡ് ചെയ്യേണ്ടത്.**
3. പരീക്ഷാർത്ഥിയുടെ മുഖവും തോളുകളുടെ മുകൾഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്ക വിധത്തിലുള്ള പാസ്പോർട്ട് സൈസിലുള്ള കളർ/ബ്ലാക്ക് & വൈറ്റ് ഫോട്ടോയായിരിക്കണം.
4. വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് എടുത്ത ഫോട്ടോയായിരിക്കണം.
5. മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കണം.
6. കണ്ണുകൾ വ്യക്തമായി കാണത്തക്ക വിധത്തിലായിരിക്കണം.
7. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോകൾ 200 പിക്സെൽ h x 150 പിക്സെൽ w ഉള്ളതും JPG ഫോർമാറ്റിലുള്ളതും 30 KB ഫയൽ സൈസിൽ അധികരിക്കാത്തതുമായിരിക്കണം.
8. സൺഗ്ലാസ്, തൊപ്പി എന്നിവ ധരിച്ച് എടുത്തതും മുഖത്തിന്റെ ഒരു വശം മാത്രം കാണത്തക്കവിധമുള്ളതും മുഖം വ്യക്തമല്ലാത്തതുമായ ഫോട്ടോകൾ സ്വീകാര്യമല്ല.
9. "മതാചാരത്തിന്റെ ഭാഗമായി തൊപ്പി/ശിരോവസ്ത്രം ധരിച്ച് എടുത്ത ഫോട്ടോ മറ്റ് നിർദ്ദേശങ്ങളനുസരിച്ചാണെങ്കിൽ സ്വീകാര്യമാണ്.

## വരിക്കാരുടെ ശ്രദ്ധയ്ക്ക്

72173 വരെയുള്ള വരിക്കാരുടെ കാലാവധി ജനുവരി 1 ലക്കത്തോടെയാണ് അവസാനിക്കുന്നത്

വരിസംഖ്യ (നൂറുരൂപ)

മണിയോർഡറായി അയക്കേണ്ട വിലാസം:

**പബ്ലിക് റിലേഷൻസ് ഓഫീസർ,**
**കേരള പബ്ലിക് സർവീസ് കമ്മിഷൻ,**
**പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004**

**വരിക്കാർ ബുള്ളറ്റിൻ സംബന്ധിച്ച് കത്തെഴുതുമ്പോഴും ഫോൺ ചെയ്യുമ്പോഴും ബുള്ളറ്റിനിന്റെ ലേബലിലുള്ള സബ്സ്ക്രൈബർ നമ്പർ കൃത്യമായി സൂചിപ്പിക്കേണ്ടതാണ്.**


## പത്രാധിപസമിതി

**ശ്രീ. അശോകൻ ചരുവിൽ – ചെയർമാൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
**ഡോ. കെ ഉഷ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
**ഡോ. ജീവൻ എം കെ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
**അഡ്വ. വി എസ് ഹരീന്ദ്രനാഥ്**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
**ശ്രീ. പി ശിവദാസൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ശ്രീ. എൻ സന്ദീപ്**, ഫോൺ : *0471 2546368* OR *9446412483*
സർക്കുലേഷൻ (പി.ആർ.യൂണിറ്റ്): *0471 2546270*


# പിഎസ്‌സി അറിയിപ്പുകൾ

### വൺ ടൈം രജിസ്ട്രേഷൻ – വൺടൈം വെരിഫിക്കേഷൻ പൂർത്തിയാകുമ്പോൾ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകും

വൺ ടൈം രജിസ്ട്രേഷൻ മുഖേന അപേക്ഷ സമർപ്പിച്ച വിവിധ ചുരുക്കപ്പട്ടികകളിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് വൺടൈം വെരിഫിക്കേഷൻ പൂർത്തിയാകുമ്പോൾ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകുവാൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത വെരിഫിക്കേഷൻ സർട്ടിഫിക്കറ്റുകളാണ് ഉദ്യോഗാർത്ഥികൾ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റായി നിയമനാധികാരി മുമ്പാകെ ഹാജരാക്കേണ്ടത്. ഇപ്രകാരം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുകയുള്ളൂ. എന്നുള്ളതിനാൽ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നഷ്ടമാകാതെ സൂക്ഷിക്കുവാൻ ഉദ്യോഗാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

ഒരിക്കൽ പി.എസ്.സി. നൽകിയ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉദ്യോഗാർത്ഥി ഒരു നിയമനാധികാരിക്ക് മുന്നിൽ സമർപ്പിച്ച് ജോലിയിൽ പ്രവേശിക്കുകയും അതേ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിലുള്ള യോഗ്യത പ്രകാരം മറ്റൊരു ജോലിക്ക് അഡ്വൈസ് ലഭിക്കുകയും ചെയ്താൽ, നിലവിലെ ഓഫീസ് മേലധികാരിയിൽ നിന്നും വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നമ്പർ രേഖപ്പെടുത്തിയ ഒരു സാക്ഷ്യപത്രം ഹാജരാക്കിയാൽ മാത്രമേ ഉദ്യോഗാർത്ഥികൾക്ക് പുതിയ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. ഉദ്യോഗാർത്ഥിക്ക് തന്റെ പ്രൊഫൈലിൽ പുതിയ യോഗ്യത ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ആവശ്യമായി വരുമ്പോൾ കൈവശമുള്ള വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് സറണ്ടർ ചെയ്താൽ മാത്രമേ പുതിയ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ.

പി.എസ്.സി. നൽകിയ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉദ്യോഗാർത്ഥി നഷ്ടപ്പെടുത്തുന്നപക്ഷം ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിൽ കറയാത്ത് മജിസ്ട്രേറ്റിന്റെ കോടതി മുദ്ര പതിപ്പിച്ച സാക്ഷ്യപത്രം സഹിതം അപേക്ഷ സമർപ്പിച്ചാൽ മാത്രമേ ഡ്യൂപ്ലിക്കേറ്റ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

## ഗസറ്റ് വിജ്ഞാപനത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യതയുടെ ഉയർന്ന/തത്തുല്യ യോഗ്യതയുള്ളവർ ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം.

ഒറ്റത്തവണ രജിസ്ട്രേഷനിലൂടെ തസ്തികകളുടെ അപേക്ഷകൾ സ്വീകരിക്കുന്നതിനായി പ്രസ്തുത തസ്തികകളുടെ സ്പെഷ്യൽ റൂൾ നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യതകൾ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിജ്ഞാപനത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യതകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുമ്പോൾ ineligible button ആയിരിക്കും ദൃശ്യമാവുക. പ്രസ്തുത ഉദ്യോഗാർത്ഥികൾ ineligible ബട്ടണിന് താഴെയുള്ള why I am ineligible എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യണം. അപ്പോൾ ദൃശ്യമാകുന്ന Have Equivalent or higher button ക്ലിക്ക് ചെയ്യുമ്പോൾ ഉദ്യോഗാർത്ഥി പ്രൊഫൈലിൽ രേഖപ്പെടുത്തിയ യോഗ്യത ഒരു വശത്തും വിജ്ഞാപനത്തിലെ യോഗ്യത മറുവശത്തും ലഭ്യമാകും. ഉദ്യോഗാർത്ഥി അയാളുടെ യോഗ്യതകളിൽ നിന്നും ബന്ധപ്പെട്ട യോഗ്യതയ്ക്ക് തത്തുല്യ യോഗ്യത തെരഞ്ഞെടുത്ത് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഏതൊരു യോഗ്യതയും മറ്റൊരു യോഗ്യതയോട് തുല്യതപ്പെടുത്തുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഉദ്യോഗാർത്ഥി പ്രമാണ പരിശോധനാവേളയിൽ തുല്യത തെളിയിക്കേണ്ടതാണ്.

## GUIDE LINE FOR SUBMISSION OF APPLICATION BY CANDIDATES HAVING QUALIFICATION EQUIVALENT TO OR HIGHER THAN THE ONE PRESCRIBED IN THE NOTIFICATION

The qualification prescribed in the Special Rules for a post is included in One Time Registration profile. The candidates who do not possess the prescribed qualification for a post, will see an 'ineligible' button while trying to apply for the post. Then click the 'why I am ineligible' link below the ineligible button. Then click the 'Have Equivalent or higher' button. The qualification furnished by the candidate in the profile and the one prescribed for the post will be displayed simultaneously on the screen. The candidate can select the qualification equivalent to or higher than the qualification he/she possess, and can apply for the post. Any type of qualification can be equated. Candidate shall prove equivalency at the time of verification of certificates.

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ളവരിൽനിന്നും കാറ്റഗറി നമ്പർ 547/2014 മുതൽ 622/2014 വരെ അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം 26-12-2014 തീയതിയിലെയും കാറ്റഗറി നമ്പർ623/2014 മുതൽ 782/2014 വരെ അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം 31-12-2014 തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനങ്ങളുടെ **സംക്ഷിപ്ത രൂപം** ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച **കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.**

**അസാധാരണ ഗസറ്റ് തീയതി: 26 – 12 – 2014 അവസാന തീയതി: 28 – 01 – 2015 രാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Pass word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**താഴെ പറയുന്ന തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിന് എഴുത്തുപരീക്ഷ/ഒഎംആർ പരീക്ഷ നടത്തുന്നപക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഓൺലൈൻ സംവിധാനത്തിൽ കമ്മീഷൻെറ ഔദ്യോഗിക വെബ്സൈറ്റിലൂടെ നൽകുന്നതും, ഉദ്യോഗാർത്ഥികൾ അത് നിർദ്ദേശാനുസരണം ഡൗൺലോഡ് ചെയ്ത് പ്രിൻറ് എടുക്കേണ്ടതുമാകുന്നു.**

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മീഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**1 – 8 – 2014 മുതൽ കമ്മീഷൻ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ പ്രകാരം ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷ സമർപ്പിക്കുന്ന തീയതിക്ക് ഒരു വർഷത്തിനകം എടുത്ത ഫോട്ടോ ആയിരിക്കണം അപ്‌ലോഡ് ചെയ്യേണ്ടത്.**

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ: 547/2014
### അസിസ്റ്റൻറ് സർജൻ/കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ
### ആരോഗ്യ വകുപ്പ്

1. **വകുപ്പ്** : ആരോഗ്യ വകുപ്പ്
2. **ഉദ്യോഗപ്പേര്** : അസിസ്റ്റൻറ് സർജൻ/കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ
3. **ശമ്പളം** : ₹ 24040–38840/-
4. **ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിക്കപ്പെടുന്നത്

**കുറിപ്പ്:**– 17.10.2012–ലെ G.O.(P) No.61/2012/SWD പ്രകാരം 3% (മൂന്ന് ശതമാനം) ഒഴിവുകൾ വികലാംഗ വിഭാഗത്തിൽപ്പെട്ട (Locomotor Disabiltiy/Cerebral Pasly & Hearing Impairment) ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലനകാലമുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്ക് ബാധകമല്ല.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം.
6. **പ്രായം** : 18–42; ഉദ്യോഗാർത്ഥികൾ 02/01/1972–നും 01/01/1996–നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്ക വിഭാഗത്തിലുള്ളവർക്ക് നിയമാനുസൃത വയസ്സിളവിന് അർഹതയുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).
7. **യോഗ്യതകൾ** : 1)മോഡേൺ മെഡിസിനിലുള്ള (എം.ബി.ബി.എസ്) ബിരുദം അല്ലെങ്കിൽ തത്തുല്യയോഗ്യത.
2) തിരുവിതാംകൂർ കൊച്ചി മെഡിക്കൽ കൗൺസിലിൽ നിന്നും ലഭിച്ചിട്ടുള്ള സാധുതയുള്ള രജിസ്ട്രേഷൻ.

**കുറിപ്പ്–** KS&SSR Part II Rule 10 (a) (ii) ബാധകമാണ്

**പരീക്ഷാതീയതി : 25.4.2015.**

### കാറ്റഗറി നമ്പർ: 548/2014
### വർക്ക്സ് മാനേജർ
### സംസ്ഥാന ജലഗതാഗതം

1. **വകുപ്പ്** : സംസ്ഥാന ജലഗതാഗതം
2. **ഉദ്യോഗപ്പേര്** : വർക്ക്സ് മാനേജർ
3. **ശമ്പളം** : ₹ 21240–37040/-
4. **ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)
5. **നിയമന രീതി** : നേരിട്ടുള്ള നിയമനം.
6. **പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02/01/1978 നും 01/01/ 1996 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റുപിന്നാക്കം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും. വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.
7. **യോഗ്യത** : ഒരു അംഗീകൃത സർവകലാശാലയിൽ നിന്നുള്ള മെക്കാനിക്കൽ അല്ലെങ്കിൽ മറൈൻ അല്ലെങ്കിൽ ഓട്ടോമൊബൈൽ അല്ലെങ്കിൽ നേവൽ ആർക്കിടെക്ച്ചർ ബിരുദം.

**കുറിപ്പ്** : KS&SSR Part II Rule 10(a)(ii) ബാധകമാണ്.

### കാറ്റഗറി നമ്പർ: 549/2014
### ലക്ചറർ ഇൻ ഡാൻസ് (കേരള നടനം)
### കോളേജ് വിദ്യാഭ്യാസം (സംഗീത കോളേജുകൾ)

1. **വകുപ്പ്** : കോളേജ് വിദ്യാഭ്യാസം (സംഗീത കോളേജുകൾ)
2. **ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ ഡാൻസ് (കേരള നടനം)
3. **ശമ്പളം** : ₹ 19,240 – 34,500/-
4. **ഒഴിവുകളുടെ എണ്ണം** : 3 (മൂന്ന് )
5. **നിയമന രീതി** : നേരിട്ടുള്ള നിയമനം

**കുറിപ്പ്** : 3% (മൂന്ന് ശതമാനം) ഒഴിവുകൾ വികലാംഗ വിഭാഗത്തിൽപ്പെട്ട (ലോക്കോമോട്ടോർ ഡിസെബിലിറ്റി/ സെറിബ്രൽ പാൾസി, അന്ധർ, കുറഞ്ഞ കാഴ്ച ശക്തിയുള്ളവർ) ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു. (G.O(P) 61/2012/SWD Dated 17/10/2012)

6. **പ്രായം** : 22–36. ഉദ്യോഗാർത്ഥികൾ 02/01/1978 നും 01/01/1992 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്കം, പട്ടികജാതി / പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിലുള്ളവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).
7. **യോഗ്യതകൾ** : യു.ജി.സി അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി യൂണിവേഴ്സിറ്റി/ യൂണിവേഴ്സിറ്റികൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ എന്നിവയിൽനിന്നും നൃത്തത്തിൽ (കേരള നടനം) നേടിയിട്ടുള്ള ഒന്നാം ക്ലാസ് അല്ലെങ്കിൽ രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ്** : KS&SSR Part II Rule 10(a) ii ബാധകമാണ്.

പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട വിഷയത്തിലെ ബിരുദാനന്തര ബിരുദത്തിൽ 50% മാർക്ക് നേടിയാൽ മതിയാകും.

1991 സെപ്തംബർ 19നകം PhD നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ബന്ധപ്പെട്ട വിഷയത്തിലെ ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് നേടിയാൽ മതിയാകും. തുല്യ യോഗ്യതയുള്ളവരിൽ ബിരുദ തലത്തിലോ, ബിരുദാനന്തര ബിരുദതലത്തിലോ മലയാളം ഒരു വിഷയമായി പഠിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

### കാറ്റഗറി നമ്പർ: 550/2014
### വൊക്കേഷണൽ ടീച്ചർ ഡയറിയിംഗ് (മിൽക്ക് പ്രൊഡക്ട്സ്)
### വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം

1. **വകുപ്പ്** : വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം
2. **ഉദ്യോഗപ്പേര്** : വൊക്കേഷണൽ ടീച്ചർ ഡയറിയിംഗ് (മിൽക്ക് പ്രൊഡക്ട്സ്)
3. **ശമ്പളം** : ₹ 19240–34500/-
4. **ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**കുറിപ്പ്:** 17. 10. 2012 ലെ G.O(P) No.61/2012 /SWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയുടെ 3% ഒഴിവുകൾ വികലാംഗവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി (Locomotor Disabiltiy/Cerebral Pasly, Low Vision, Hearing Impairment) സംവരണം ചെയ്തിരിക്കുന്നു.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം.
6. **പ്രായം** : 23–40 ഉദ്യോഗാർത്ഥികൾ 02/01/1974നും 01/01/1991നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നാക്കം, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും. [വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.]
7 **യോഗ്യതകൾ** : കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്നും 60% മാർക്കിൽ കുറയാതെ ഡെയറി ടെക്നോളജിയിലുള്ള ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

അല്ലെങ്കിൽ

ഏതെങ്കിലുമൊരു അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും 50% മാർക്കിൽ കുറയാതെ അഗ്രിക്കൾച്ചർ ഡെയറി സയൻസിൽ എം.എസ്.സി പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്നും 60% മാർക്കിൽ കുറയാതെ വെറ്റനറി സയൻസ് ആന്റ് ആനിമൽ ഹസ്ബന്റ്റിയിൽ ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ് :** 1) KS&SSR Part II Rule 10 (a) (ii) ബാധകമാണ്.
2) ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും ലഭിച്ച ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ അധിക യോഗ്യതയുള്ളവർക്ക് വൊക്കേഷണൽ ടീച്ചർ തസ്തികകളിലെ നിയമനങ്ങളിൽ മുൻഗണന നൽകുന്നതാണ്.
3) അദ്ധ്യാപക തസ്തികകൾക്ക് നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതകൾ കേരളത്തിലെ അംഗീകൃത സർവ്വകലാശാലകളിൽ നിന്ന് റഗുലർ പഠനത്തിലൂടെ നേടിയതോ അല്ലെങ്കിൽ

കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

## കാറ്റഗറി നമ്പർ: 551/2014
## അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ
## മോട്ടോർ വാഹനം

**1. വകുപ്പ്** : മോട്ടോർ വാഹനം
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ
**3. ശമ്പളം** : ₹ 16,180 – 29,180/–
**4. ഒഴിവുകളുടെ എണ്ണം** : കണക്കാക്കപ്പെട്ടിട്ടില്ല
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
**6. പ്രായം** : 21–44. ഉദ്യോഗാർത്ഥികൾ 02.01.1970 നും 01.01.1993നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ]

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).

**7. യോഗ്യതകൾ** : 1. എസ്. എസ്. എൽ. സിയോ തത്തുല്യ യോഗ്യതയോ പാസായിരിക്കണം.

2. സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ ബോർഡിൽ നിന്നും ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിലോ മെക്കാനിക്കൽ എഞ്ചിനീയറിംഗിലോ ലഭിച്ച ത്രിവത്സര ഡിപ്ലോമ.

അല്ലെങ്കിൽ

മുകളിൽ (2) ൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും യോഗ്യതയ്ക്ക് തത്തുല്യമായ് കേന്ദ്ര ഗവൺമെന്റോ സംസ്ഥാന ഗവൺമെന്റോ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും യോഗ്യത.

കുറിപ്പ്: KS & SSR Part II Rule 10 (a) ii ബാധകമാണ്.

3. പെട്രോൾ എഞ്ചിനും ഡീസൽ എഞ്ചിനും ഘടിപ്പിച്ചിട്ടുള്ള ലൈറ്റ് മോട്ടോർ വാഹനങ്ങൾ, ഹെവി ഗുഡ്സ് മോട്ടോർ വാഹനങ്ങൾ, ഹെവി പാസഞ്ചർ മോട്ടോർ വാഹനങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്ന പ്രസിദ്ധവും ഗവൺമെന്റ് അംഗീകൃതവുമായ ഒരു ഓട്ടോമൊബൈൽ വർക്ക്ഷോപ്പിൽ നിന്നും ഒരു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം (പൊതുവ്യവസ്ഥകളിലെ 21–ാം ഖണ്ഡിക നോക്കുക).

4. മോട്ടോർ സൈക്കിൾ, ഹെവി ഗുഡ്സ് വാഹനങ്ങൾ, ഹെവി പാസഞ്ചർ മോട്ടോർ വാഹനങ്ങൾ എന്നിവ ഓടിക്കുന്നതിന് അധികാരപ്പെടുത്തിയ നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കേതാണ്.

**കുറിപ്പ്:** അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, OMR പരീക്ഷ, പ്രായോഗിക പരീക്ഷ, അഭിമുഖം തുടങ്ങിയ തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥിക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

5. ഉദ്യോഗാർത്ഥികൾക്ക് താഴെപ്പറയുന്ന ശാരീരിക യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

**ശാരീരിക യോഗ്യത, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക എന്നിവയ്ക്ക് അനുബന്ധം I & IA കാണുക.**

**കുറിപ്പ് 3 *വികലാംഗരായ ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ യോഗ്യരല്ല.***

**കുറിപ്പ് 4** ഈ തസ്തികയ്ക്ക് നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തി പരിചയം തസ്തികയ്ക്കുള്ള അടിസ്ഥാന യോഗ്യത ആർജ്ജിച്ചതിനുശേഷം നേടിയതായിരിക്കണം. അപേക്ഷകർ അവരവരുടെ യോഗ്യത, പരിചയം എന്നിവ അപേക്ഷയിൽ വ്യകതമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

**കുറിപ്പ് 5** പരിചയ സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിലാണ് ഹാജരാക്കേണ്ടത്.

**പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് അനുബന്ധം I കാണുക.**

**തെരഞ്ഞെടുപ്പ് താൽക്കാലിക ഷെഡ്യൂൾ**

**ഒ.എ.ആർ പരീക്ഷയുടെ ഏകദേശ തീയതി 2015 ഏപ്രിൽ മാസം**

**ശാരീരിക അളവെടുപ്പിനുള്ള ഏകദേശ തീയതി 2015 ആഗസ്റ്റ് മാസം**

## കാറ്റഗറി നമ്പർ: 552/2014
## സ്റ്റേഷൻ ഓഫീസർ (ട്രെയിനി)
## ഫയർ ആന്റ് റെസ് ക്യൂ സർവ്വീസസ്

**1. വകുപ്പ്** : ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്
**2. ഉദ്യോഗപ്പേര്** : സ്റ്റേഷൻ ഓഫീസർ (ട്രെയിനി)
**3. ശമ്പളം** : ₹ 16,180–29,180/–
**4. ഒഴിവുകളുടെ എണ്ണം** : 14
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
**6. പ്രായം** : 20–31. ഉദ്യോഗാർത്ഥികൾ 02.01.1983നും 01.01.1994നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

ഫയർ ഫോഴ്സ് വകുപ്പിൽ ക്ലാർക്ക് ആയി സേവനമനുഷ്ഠിച്ചു വരുന്ന ഉദ്യോഗാർത്ഥികൾക്ക് ഉയർന്ന പ്രായപരിധി 39 (മുപ്പത്തിഒൻപത്) വയസ്സായിരിക്കും.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ** :

(1) (എ) അത്യാവശ്യം: ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും സയൻസ് ഐച്ഛികവിഷയമായി നേടിയ ബിരുദം. രസതന്ത്രത്തിലുള്ള ബിരുദം അഭിലഷണീയം.

**കുറിപ്പ് :** KS & SSR Part II Rule 10 (a) ii ബാധകമാണ്.

(ബി)മുൻഗണന: സ്പോർട്സിലോ ഗെയിംസിലോ മികച്ച നിലവാരം തെളിയിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** (1) കേരള സർവ്വീസ് റൂൾസ് അപ്പെൻഡിക്സ് 7ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ അന്തർദേശീയതലത്തിലോ ദേശീയതലത്തിലോ അന്തർമേഖലാതലത്തിലോ അന്തർസംസ്ഥാനതലത്തിലോ അല്ലെങ്കിൽ

സംസ്ഥനതലത്തിലോ സംഘടിപ്പിച്ചിട്ടുള്ള കായികമത്സരങ്ങളിൽ പങ്കെടുത്തുനേടിയ വിജയം മാത്രമേ ഇതിനായി പരിഗണിക്കുകയുള്ളു.

(2) 12.2.1970 തീയതിയിലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്) 50/70/പി.ഡി.യിലെ വ്യവസ്ഥകൾ പ്രകാരം മുകളിൽ പറഞ്ഞ യോഗ്യതയ്ക്ക് മുൻഗണന നൽകുന്നതാണ്.

**ശാരീരിക യോഗ്യത, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക എന്നിവയ്ക്ക് അനുബന്ധം I കാണുക.**

(4) കായികക്ഷമതാ പരീക്ഷ: ഉദ്യോഗാർത്ഥികൾ കായികക്ഷമതാ പരീക്ഷയിൽ താഴെ കൊടുത്തിരിക്കുന്ന 8 ഇനങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | മിനിമം സ്റ്റാൻഡേർഡ് ഓഫ് എഫിഷ്യൻസി |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈജംമ്പ് | 132.20 സെ.മീറ്റർ |
| 3 | ലോംഗ്ജംമ്പ് | 457.20സെ.മീറ്റർ |
| 4 | പുട്ടിംഗ് ദ് ഷോട്ട് (7264 ഗ്രം) | 609.60 സെ.മീറ്റർ |
| 5 | ത്രോയിംഗ് ദി ക്രിക്കറ്റ് ബോൾ | 6096 സെ.മീറ്റർ |
| 6 | റോപ്പ് കൈമ്പിംഗ് (കൈ മാത്രം ഉപയോഗിച്ച്) | 365.80സെ.മീറ്റർ |
| 7 | പുള്ളപ്പ് അഥവാ ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിട്ടും 44 സെക്കന്റും |

കുറിപ്പ്: ***(1) സ്ത്രീകളും വികലാംഗരും ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.***

(2) തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി ഉദ്യോഗാർത്ഥികളുടെ ശാരീരിക യോഗ്യത, കായികക്ഷമത എന്നിവ നിർണ്ണയിക്കുന്നതിനായി കമ്മീഷൻ കായികക്ഷമതാ പരീക്ഷ നടത്തുന്നതാണ്.

**താൽക്കാലിക ഷെഡ്യൂൾ**

പരീക്ഷാ തീയതി April 2015
കായികക്ഷമതാ പരീക്ഷ September 2015

## കാറ്റഗറി നമ്പർ: 553/2014
## ജൂനിയർ ഇൻസ്ട്രക്ടർ
## (മെക്കാനിക് മോട്ടോർ വെഹിക്കിൾ)
## വ്യാവസായിക പരിശീലനം

**1. വകുപ്പ്** : വ്യാവസായിക പരിശീലനം
**2. ഉദ്യോഗപ്പേര്** : ജൂനിയർ ഇൻസ്ട്രക്ടർ (മെക്കാനിക് മോട്ടോർ വെഹിക്കിൾ)
**3. ശമ്പളം** : ₹ 13900–24040/–
**4. ഒഴിവുകളുടെ എണ്ണം** : 5 (അഞ്ച്)

**കുറിപ്പ്:** 03.01.2013 ലെ G.O(P)No.1/2013/SJD ഉത്തരവനുസരിച്ച് 3% ഒഴിവുകൾ Locomotor disabiltiy/Cerebral pasly, Hearing impairment, Low Vision വിഭാഗം വികലാംഗർക്കായി സംവരണം ചെയ്യുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 19–44 ഉദ്യോഗാർത്ഥികൾ 02/01/1970 നും 01/01/ 1995 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്കം എന്നീ വിഭാഗങ്ങളിലുള്ളവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും. വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.

**7. യോഗ്യതകൾ :**

1. എസ്.എസ്.എൽ.സി അഥവാ തത്തുല്ല്യ യോഗ്യത.
2. (എ) ഉചിതമായ ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം പ്രസ്തുത ട്രേഡിലുള്ള മൂന്ന് വർഷത്തെ പരിചയവും.

അല്ലെങ്കിൽ

(ബി) ഉചിതമായ ട്രേഡിലുള്ള നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റും, സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം ഒരു വർഷത്തെ പരിചയവും.

അല്ലെങ്കിൽ

(സി) ഗവൺമെന്റ് അല്ലെങ്കിൽ ഗവൺമെന്റ് അംഗീകൃത പോളിടെക്നിക്കിൽ നിന്നും ലഭിച്ച ഉചിതമായ എഞ്ചിനീയറിംഗ് ശാഖയിലുള്ള ഡിപ്ളോമ അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ് :**1. KS & SSR Part II, Rule 10(a) (ii) ബാധകമായിരിക്കും.

2. ബന്ധപ്പെട്ട ട്രേഡിൽ വർക്ക് ഷോപ്പ് അറ്റൻഡറായുള്ള പരിചയം പ്രസ്തുത ട്രേഡിലുള്ള പരിചയമായി കണക്കാക്കുന്നതാണ്.

3. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പരിചയ യോഗ്യത വേണമെന്ന നിബന്ധനയിൽ നിന്നു ഒഴിവാക്കിയിട്ടുണ്ട്.

4.പരിചയ സർട്ടിഫിക്കറ്റ് അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന മാതൃകയിൽ ഒരു സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്.

**പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് അനുബന്ധം VIII കാണുക.**

## കാറ്റഗറി നമ്പർ: 554/2014
## കെമിസ്റ്റ് ഗ്രേഡ് I
## ആരോഗ്യം

**1 വകുപ്പ്** : ആരോഗ്യം
**2 ഉദ്യോഗപ്പേര്** : കെമിസ്റ്റ് ഗ്രേഡ് I
**3 ശമ്പളം** : ₹ 13210 –22360/–
**4 ഒഴിവുകളുടെ എണ്ണം** : 2 (രണ്ട്)

കുറിപ്പ്:– 03.01.2013 ലെ G.O(P)No.1/2013/SJD പ്രകാരം ഈ തസ്തികയിലേയ്ക്കുള്ള 3%(മൂന്ന് ശതമാനം) ഒഴിവുകൾ യോഗ്യരായ വികലാംഗ ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം
**6 പ്രായം** : (18–37) ഉദ്യോഗാർത്ഥികൾ 02.01.1977 നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.

**യോഗ്യതകൾ :**ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും കെമിസ്ട്രിയിലോ ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രിയിലോ ലഭിച്ച ബി.എസ്.സി ഒന്നാം ക്ലാസ് അല്ലെങ്കിൽ രണ്ടാം ക്ലാസ് ബിരുദം.

**അഭിലഷണീയം** :– ഒരു അംഗീകൃത ലാബോറട്ടറിയിൽ കെമിസ്റ്റായിട്ടുള്ള പരിചയം.

**കുറിപ്പ് :**– KS&SSR, Part II, Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 555/2014
## വീവിംഗ് ഇൻസ്ട്രക്ടർ / വീവിംഗ് ഫോർമാൻ / വീവിംഗ് അസിസ്റ്റന്റ് (പുരുഷൻമാർ മാത്രം)
## ജയിൽ

**1 വകുപ്പ്** : ജയിൽ
**2 ഉദ്യോഗപ്പേര്** : വീവിംഗ് ഇൻസ്ട്രക്ടർ / വീവിംഗ് ഫോർമാൻ / വീവിംഗ് അസിസ്റ്റന്റ്(പുരുഷൻമാർ മാത്രം)
**3 ശമ്പളം** : ₹ 13,210–22,360/–
**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)
**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (പുരുഷൻമാർക്ക് മാത്രം)
**6 പ്രായം** : (18–39) ഉദ്യോഗാർത്ഥികൾ 02/01/1975 നും 01/01/1996 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്കം എന്നീ വിഭാഗത്തിലുള്ളവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും.(വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.

**7.യോഗ്യതകൾ**

1 എസ്.എസ്.എൽ.സിയോ തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം.

2വീവിംഗിലുള്ള കെ.ജി.റ്റി.ഇ /എം.ജി.റ്റി.ഇ (ഹയർ).

അല്ലെങ്കിൽ

കേരള വ്യവസായവാണിജ്യ വകുപ്പ് ഡയറക്ടർ/കേരള സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന വീവിംഗിലുള്ള ഡിപ്ലോമ.

അല്ലെങ്കിൽ

മറ്റ് തത്തുല്ല്യ യോഗ്യതകൾ.

**കുറിപ്പ് :** KS & SSR, Part II Rule 10(a) ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 556/2014
## ബയോ മെഡിക്കൽ എഞ്ചിനീയർ
## മെഡിക്കൽ വിദ്യാഭ്യാസം

**1 വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : ബയോ മെഡിക്കൽ എഞ്ചിനീയർ
**3 ശമ്പളം** : ₹ 11070–18450/–
**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)
**5 നിയമന രീതി** : നേരിട്ടുള്ള നിയമനം
**6 പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02/01/1978–നും 01/01/1996നും ഇടയിൽ ജനിച്ചവർ ആയിരിക്കണം.(രണ്ട് തീയതികളും ഉൾപ്പെടെ) പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങളിലുള്ളവർക്കും മറ്റു പിന്നാക്കം എന്നീ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും

നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച ഇതര വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ :**
ബയോ മെഡിക്കൽ എഞ്ചിനീയറിംഗിലുള്ള ബി.ടെക്/ബി.ഇ. ഡിഗ്രി. പ്രസ്തുത യോഗ്യതയുള്ളവരുടെ അഭാവത്തിൽ ഇലക്ട്രോണിക്സ് ആൻറ് കമ്മ്യൂണിക്കേഷൻ/ഇലക്ട്രിക്കൽ ആൻറ് ഇലക്ട്രോണിക്സ്/ഇലക്ട്രോണിക്സ് ആൻറ് ഇൻസ്ട്രുമെൻേറ ഷൻ/ അപ്ലൈഡ് ഇലക്ട്രോണിക്സ്-ൽ ഉള്ള ബി.ടെക്/ബി.ഇ. ഡിഗ്രി.

**പരിചയം:–** മെഡിക്കൽ കോളേജുകളിലോ, അഞ്ഞൂറോ അതിലധികമോ കിടക്കകളുള്ള മറ്റ് മേജർ ആശുപത്രികളിലോ ബയോമെഡിക്കൽ ഉപകരണങ്ങൾ റിപ്പയർ ചെയ്യും/പരിപാലിച്ചും സംഭരിച്ചുമുള്ള രണ്ട് വർഷത്തെ പരിചയം.

**കുറിപ്പ്:–** KS & SSR Part II Rule 10(a)ii ബാധകമാണ്

പരിചയ സർട്ടിഫിക്കറ്റ്: ഉദ്യോഗാർത്ഥികൾ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെക്കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം. സ്ഥാപനത്തിൻെറ പേര്, രജിസ്റ്റർ ചെയ്ത തീയതി, രജിസ്റ്റർ നമ്പർ എന്നിവ ഉൾക്കൊള്ളിച്ചിരിക്കണം. സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തി തസ്തികയുടെ പേര്, ജോലിയുടെ സ്വഭാവം എന്നിവ രേഖപ്പെടുത്തിയിരിക്കണം.

**പരിചയ സർട്ടിഫിക്കറ്റ്**

മെഡിക്കൽ കോളേജിൻെറ/ആശുപത്രിയുടെ പേര് :
രജിസ്റ്റർ നമ്പർ :
രജിസ്റ്റർ ചെയ്ത തീയതിയും ഏത് അധികാരി മുമ്പാകെ രജിസ്റ്റർ ചെയ്തു എന്നും :
ഈ സ്ഥാപനം ........... കിടക്കകളോടുകൂടിയ (ലഭ്യമായ കിടക്കകളുടെ എണ്ണം ഇവിടെ രേഖപ്പെടുത്തുക.
*മെഡിക്കൽ കോളേജ്/മേജർ ആശുപത്രിയാണെന്ന് സാക്ഷ്യപ്പെടുത്തണം.
*(ബാധകമല്ലാത്തത് വെട്ടിക്കളയുക)
ശ്രീ/ശ്രീമതി.................................................................... (ഉദ്യോഗാർത്ഥിയുടെ പേരും, മേൽവിലാസവും) മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ സ്ഥാപനത്തിൽ ...................................................................... (തസ്തികയുടെ പേര്/ ജോലിയുടെ സ്വഭാവം ഇവയിലേതെങ്കിലും) ആയി..............................രൂപ മാസ/ദിവസ ശമ്പളത്തിൽ ................. തീയതി മുതൽ..........................തീയതി വരെ ............... വർഷം .................. മാസം ............... ദിവസം ജോലി നോക്കിയിട്ടുണ്ട്/ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.
ടിയാന് ഈ സ്ഥാപനത്തിൽ ബയോമെഡിക്കൽ ഉപകരണങ്ങൾ റിപ്പയർ ചെയ്യും/പരിപാലിച്ചും സംഭരിച്ചുമുള്ള .......... വർഷം ............ മാസം ............ ദിവസം പരിചയമുണ്ട്.
(*യോജിക്കാത്ത ഇനം വെട്ടിക്കളയുക)

സ്ഥലം: സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ
തീയതി: തീയതി സഹിതമുള്ള ഒപ്പ്, പേര്,
ഔദ്യോഗിക പദവി, സ്ഥാപനത്തിൻെറ പേര്
(ഓഫീസ് സീൽ)

**സാക്ഷ്യപത്രം**

............................ എന്ന നിയമത്തിൽ/ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നപ്രകാരം സ്ഥാപന ഉടമസ്ഥൻ/തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാദ്ധ്യതപ്പെട്ട ......................... രജിസ്റ്റർ പരിശോധിച്ച് (ബന്ധപ്പെട്ട രജിസ്റ്ററിൻെറ പേര്) മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ജീവനക്കാരൻ ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ ............................ ആയി ജോലി ചെയ്തിരുന്നു/ജോലി ചെയ്യുന്നുവെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഞാൻ കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള .............................. എന്ന ചട്ടപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപനമുടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

ചട്ടപ്രകാരം/നിയമപ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ
സേവന വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തുവാൻ
അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻെറ തീയതി സഹിതമുള്ള
ഒപ്പ്, പേര്, ഉദ്യോഗപ്പേര്, ആഫീസ്

സ്ഥലം:
തീയതി: (ഓഫീസ് സീൽ)

കുറിപ്പ്: ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രൻറീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

എല്ലാ പരിചയസർട്ടിഫിക്കറ്റുകളും സർക്കാരിൻെറ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**കുറിപ്പ്:** ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രൻറീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

എല്ലാ പരിചയസർട്ടിഫിക്കറ്റുകളും സർക്കാരിൻെറ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## കാറ്റഗറി നമ്പർ: 557/2014
## മീറ്റർ റീഡർ /സ്പോട്ട് ബില്ലർ
## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

1 **വകുപ്പ്** : കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്
2 **ഉദ്യോഗപ്പേര്** : മീറ്റർ റീഡർ /സ്പോട്ട് ബില്ലർ
3 **ശമ്പളം** : ₹ 10,800 – 21,040/–
4 **ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**കുറിപ്പ്:** (i) മൂന്ന് ശതമാനം (3%) ഒഴിവുകൾ വികലാംഗരായ ഉദ്യോഗാർത്ഥികൾക്കായി (Locomotor disabiltiy/Cerebral Pasly, Hearing impairements, Low Vision) സംവരണം ചെയ്തിരിക്കുന്നു. (G.O. (P)No.1/13/SJD dtd. 3.1.2013)

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം
6 **പ്രായം** : 18–36.ഉദ്യോഗാർത്ഥികൾ 02/01/1978നും 01/01/1996നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ് : അനുബന്ധം II കാണുക.**
(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i), (ii),(iii), (iv), (vi),(vii)& (xii) , ഖണ്ഡിക 5 നോക്കുക)

**7.യോഗ്യതകൾ** : 1 സാമാന്യ യോഗ്യത സ്റ്റാൻഡേർഡ് 8 (എട്ട്) (ഫോർത്ത് ഫാറം) പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത
2 സാങ്കേതിക യോഗ്യത : ഇലക്ട്രീഷ്യൻ /വയർമാൻ/ ഇലക്ട്രോണിക്സ് ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് അംഗീകൃതമുള്ള ഒരു സ്ഥാപനത്തിൽ നിന്നും ലഭിച്ച കെ ജി സി ഇ ഇലക്ട്രിക്കൽ

അല്ലെങ്കിൽ

താഴെ പറയുന്ന നാല് വിഷയങ്ങൾ ഉൾപ്പെടെ എം ജി റ്റി ഇ/ കെ ജി റ്റി ഇ ഗ്രൂപ്പ് സർട്ടിഫിക്കറ്റ്
എ) ഇലക്ട്രിക്കൽ ലൈറ്റ് ആന്റ് പവർ (ഹയർ)
ബി) അപ്ലൈഡ് മെക്കാനിക്സ് (ലോവർ)
സി) ഹീറ്റ് എഞ്ചിൻസ് (ലോവർ)
ഡി) മെഷീൻ ഡ്രോയിങ് (ലോവർ)

**കുറിപ്പ്:** KS & SSR Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 558/2014
## ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ (ട്രെയിനി)
## ഫയർ ആന്റ് റെസ് ക്യൂ സർവ്വീസസ്

1. **വകുപ്പ്** : ഫയർ ആന്റ് റെസ് ക്യൂ സർവ്വീസസ്
2. **ഉദ്യോഗപ്പേര്** : ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ (ട്രെയിനി)
3. **ശമ്പളം** : ₹ 10,480 – 18,300/–
4. **ഒഴിവുകളുടെ എണ്ണം** : 55
5. **നിയമന രീതി** : നേരിട്ടുള്ള നിയമനം.
6. **പ്രായം** : 18–26. ഉദ്യോഗാർത്ഥികൾ 02.01.1988നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).

7. **യോഗ്യതകൾ** : (1) എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ പാസ്സായിരിക്കണം.
കുറിപ്പ്: KS & SSR Part II Rule 10 (a) ii ബാധകമാണ്.
(2) ഹെവി ഡ്യൂട്ടി പാസഞ്ചർ വാഹനങ്ങളോ ഹെവി ഗുഡ്സ് വാഹനങ്ങളോ ഓടിക്കുന്നതിന് നിലവിലുള്ള സാധുവായ ഹെവിഡ്യൂട്ടി ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

**കുറിപ്പ്:** അപേക്ഷ അയയ്ക്കുന്ന അവസാന തീയതി, പ്രായോഗിക പരീക്ഷ, ഒ.എം.ആർ പരീക്ഷ, ശാരീരികക്ഷമതാ പരീക്ഷ ഇന്റർവ്യൂ തുടങ്ങിയ എല്ലാ തെരഞ്ഞെടുപ്പ് ഘട്ടങ്ങളിലും ഉദ്യോഗാർത്ഥിയ്ക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

(3) ശാരീരിക അളവ്.

| | പൊതു വിഭാഗം | പട്ടികജാതി/പട്ടികവർഗ്ഗം |
|---|---|---|
| ഉയരം (പാദരക്ഷകളില്ലാതെ) | 165 സെ.മീറ്റർ | 160 സെ.മീറ്റർ |
| തൂക്കം | 50 കി.ഗ്രം | 48 കി.ഗ്രം |
| നെഞ്ചളവ് | 81.സെ.മീറ്റർ | 76 സെ.മീറ്റർ |
| നെഞ്ച് വികാസം | 5 സെ.മീറ്റർ | 5 സെ.മീറ്റർ |

(4) കാഴ്ചശക്തി (കണ്ണട വയ്ക്കാതെ)

| | വലതു കണ്ണ് | ഇടതു കണ്ണ് |
|---|---|---|
| (i) ദൂരകാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| (ii) സമീപകാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| (i) ഫീൽഡ് ഓഫ് വിഷൻ | പൂർണ്ണം | പൂർണ്ണം |

കുറിപ്പ്: മുകളിൽ പറയുന്ന വിധത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തി ഉള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം. കായികശേഷി, ആയസകരമായ ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി, കാഴ്ചശക്തി ഇവ സംബന്ധിച്ച് രണ്ടാം ഗ്രേഡ് സിവിൽ സർജന് താഴെയല്ലാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് കായികക്ഷമത പരീക്ഷാ വേളയിൽ ഹാജരാക്കേണ്ടതാണ്.

**(5) കായികക്ഷമതാ പരീക്ഷ:** ഉദ്യോഗാർത്ഥികൾ കായികക്ഷമതാ പരീക്ഷയിൽ താഴെ കൊടുത്തിരിക്കുന്ന 8 ഇനങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | മിനിമം സ്റ്റാൻഡേർഡ് ഓഫ് എഫിഷ്യൻസി |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈജംമ്പ് | 132.20 സെ.മീറ്റർ |
| 3 | ലോംഗ്ജംമ്പ് | 457.20സെ.മീറ്റർ |
| 4 | പുട്ടിംഗ് ദ് ഷോട്ട് (7264 ഗ്രം) | 609.60 സെ.മീറ്റർ |
| 5 | ത്രോയിംഗ് ദി ക്രിക്കറ്റ് ബോൾ | 6096 സെ.മീറ്റർ |
| 6 | റോപ്പ് ക്ലൈമ്പിംഗ് (കൈ മാത്രം ഉപയോഗിച്ച്) | 365.80സെ.മീറ്റർ |
| 7 | പുള്ളപ്പ് അഥവാ ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിട്ടും 44 സെക്കന്റും |

**കുറിപ്പ്:** ***(i) സ്ത്രീകളും വികലാംഗരും ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.***
(ii) ഡ്രൈവിംഗ് പ്രാവീണ്യം തെളിയിക്കുന്നതിന് കമ്മീഷൻ പരീക്ഷ നടത്തുന്നതാണ്.
(ii) തെരഞ്ഞെടുപ്പിന് മുന്നോടിയായി ഉദ്യോഗാർത്ഥികളുടെ ശാരീരിക യോഗ്യത, കായികക്ഷമത എന്നിവ നിർണ്ണയിക്കുന്നതിനായി കമ്മീഷൻ കായികക്ഷമതാ പരീക്ഷ നടത്തുന്നതാണ്.

**മുൻഗണന:** ഹോംഗാർഡ് സംഘടനയിൽ മൂന്നുവർഷക്കാലം സേവനം പൂർത്തിയാക്കുകയും പ്രസ്തുത കാലയളവിൽ ഫയർ ഫൈറ്റിംഗിന്റെ പരിശീലനം വിജയകരമായി പൂർത്തിയാക്കുകയും ചെയ്ത ഹോംഗാർഡ് വാളന്റിയർമാർക്ക് മറ്റെല്ലാ യോഗ്യതകളും ഉണ്ടായിരുന്നാൽ ഈ തസ്തികയ്ക്ക് നിയമനത്തിന് മുൻഗണന നൽകുന്നതാണ്.

**താൽക്കാലിക ഷെഡ്യൂൾ**

| | |
|---|---|
| ഒ.എം.ആർ/എഴുത്ത് പരീക്ഷ | - May 2015 |
| ഡ്രൈവിംഗ് ടെസ്റ്റ് | September 2015 |
| കായികക്ഷമതാ പരീക്ഷ | November 2015 |

## കാറ്റഗറി നമ്പർ: 559/2014
## റിസർവ് ഡ്രൈവർ
## കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

1. **സ്ഥാപനത്തിന്റെ പേര്**: കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
2. **ഉദ്യോഗപ്പേര്** : റിസർവ് ഡ്രൈവർ
3. **ശമ്പളം** : ₹ 10210 – 23160 / –
4. **ഒഴിവുകളുടെ എണ്ണം** : കണക്കാക്കപ്പെട്ടിട്ടില്ല
5 **നിയമനരീതി** : നേരിട്ടുള്ള നിയമനം
6 **പ്രായം** : 21–36 ഉദ്യോഗാർത്ഥികൾ 02.01.1978നും 01.01.1993നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്:**(1) യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ് തികയാൻ പാടില്ലെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു.
(2) പ്രസ്തുത സ്ഥാപനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ

**അനുബന്ധം II കാണുക.**
(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i), (ii), (iii), (iv) & (xii) നോക്കുക)

**7 യോഗ്യതകൾ** : 1 ഒൻപതാം സ്റ്റാൻഡാർഡ് ജയിച്ചിരിക്കണം
2 ഹെവിഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ട് നൽകിയ നിലവിലുള്ള മോട്ടോർ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചതിനു ശേഷം ഏഴ് വർഷം പൂർത്തിയായിരിക്കുകയും അതിൽ മൂന്നു വർഷമോ അതിൽ കൂടുതലോ കാലയളവ് ഹെവി ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ട് നൽകിയ ലൈസൻസ് കിട്ടിയതിന് ശേഷവും ആയിരിക്കണം.

**കുറിപ്പ്** (1) 16.01.1979 ന് ശേഷം ലൈസൻസ് നേടിയ ഉദ്യോഗാർത്ഥികളുടെ ലൈസൻസിൽ ഹെവി ഗുഡ്സ്, ഹെവി പാസഞ്ചർ എന്നീ രണ്ട് തരം വാഹനങ്ങൾ ഓടിക്കുവാനുള്ള എൻഡോഴ്സ്മെന്റ് ഉണ്ടായിരിക്കണം. ഇവയിൽ ഒന്നു മാത്രമുള്ള ലൈസൻസ് അടങ്ങിയ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. (മോട്ടോർ വെഹിക്കിൾ ആക്റ്റിന്റെ 47/78 എന്ന ഭേദഗതി കാണുക)

**കുറിപ്പ്** (2) അപേക്ഷകർക്ക് മിലിട്ടറിയിൽ ഏഴ് വർഷം എം . റ്റി. ഡ്രൈവർ ആയിട്ടുള്ള സർവ്വീസും ഹെവിഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ട് നൽകിയ നിലവിലുള്ള സിവിൽ ലൈസൻസും ഉണ്ടെങ്കിൽ അവർക്ക് ഡ്രൈവിംഗ് ലൈസൻസ് കിട്ടിയതിന് ശേഷം ഏഴു വർഷം പൂർത്തിയായിരിക്കണമെന്നുള്ള നിബന്ധന ബാധകല്ല.

2. ടി തസ്തികയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്ന അവസാന തീയതി മുതൽ എല്ലാ തെരഞ്ഞെടുപ്പ് ഘട്ടങ്ങളിലും നിലവിലുള്ള valid ലൈസൻസ് ഉണ്ടായിരിക്കണം.

3 LMV നേടിയതിന് ശേഷം മൂന്ന് (03) വർഷത്തെ HDV ലൈസൻസ് ഉൾപ്പെടെ മൊത്തം LMV യ്ക്ക് ശേഷമുള്ള ഏഴ് (07) വർഷത്തെ മോട്ടോർ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

4 ഡ്രൈവിംഗിലുള്ള കഴിവ് പി.എസ്.സി നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ തെളിയിക്കേണ്ടതാണ്. ടി പ്രായോഗിക പരീക്ഷയുടെ ഭാഗമായി ഉദ്യോഗാർത്ഥികൾ ക്കായി ഗ്രൗണ്ട് ടെസ്റ്റും (H Test) Road Test ഉം നടത്തുന്നതാണ്. ഗ്രൗണ്ട് ടെസ്റ്റിൽ ജയിക്കുന്ന ഉദ്യോഗാർത്ഥികളെ മാത്രമേ തുടർന്ന് നടത്തുന്ന റോഡ് ടെസ്റ്റിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളു.

**ശാരീരിക അളവുകൾ**

ഉയരം : 158 സെ.മി. (പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും
ഇതിൽ ഇളവ് അനുവദിക്കുന്നതല്ല)
നെഞ്ചളവ് (സാധാരണ ) : 76 സെ.മി.
കാഴ്ച: താഴെകാണിച്ചിരിക്കുന്ന കാഴ്ച നിലവാരം ഉണ്ടായിരിക്കണം

| | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| ദൂര കാഴ്ച : | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കാഴ്ച : | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

ഓരോ കണ്ണിനും പരിപൂർണ്ണമായ കാഴ്ച മേഖല ഉണ്ടായിരിക്കണം.

നിറങ്ങൾ തിരിച്ചറിയാനുള്ള കഴിവില്ലായ്മയോ (കളർ ബ്ലൈൻഡ്നെസ്സ്) കോങ്കണ്ണ് ) (സ്കിന്റ്) മറ്റു തരത്തിലുള്ള ഏതെങ്കിലും ന്യൂനത ഏതെങ്കിലും കണ്ണിനോ കൺപോളകൾക്കോ ഉണ്ടെങ്കിൽ അവ അയോഗ്യതയായി പരിഗണിക്കുന്നതാണ്.

മേല്പറഞ്ഞ കാഴ്ചശക്തിയുടെ വിവരങ്ങൾ കാണിച്ചിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് സർക്കാർ സർവ്വീസിലുള്ള ഒരു നേത്രരോഗ വിദഗ്ദ്ധനിൽനിന്നും വാങ്ങേണ്ടതും ആയത് കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. കാഴ്ച നിലവാരം സംബന്ധിച്ച് സംശയമുള്ള സന്ദർഭങ്ങളിൽ ആയത് മെഡിക്കൽ ബോർഡിന്റെ പരിഗണനയ്ക്ക് വിടുന്നതാണ്.

നിയമനാനന്തരം ജോലിക്ക് ഹാജരാകുമ്പോൾ സർക്കാർ സർവ്വീസിലുള്ള 2)0 ഗ്രേഡ് സിവിൽ സർജന്റ് പദവിക്ക് താഴെ അല്ലാത്ത ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച ഒരു മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൂടി ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ടതാണ്.

**കുറിപ്പ് :** ***അംഗവൈകല്യമുള്ളവർ ഈ ജോലിക്ക് അപേക്ഷിക്കുവാൻ അർഹരല്ല***

## കാറ്റഗറി നമ്പർ: 560/2014
## ഫീൽഡ് അസിസ്റ്റന്റ്
## പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

1 **വകുപ്പ്** : പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
2 **ഉദ്യോഗപ്പേര്** : ഫീൽഡ് അസിസ്റ്റന്റ്
3 **ശമ്പളം** : ₹ 9940 – 16580/ രൂപ
4 **ഒഴിവുകളുടെ എണ്ണം** : 15 (പതിനഞ്ച്)
5 **നീയമന രീതി** : നേരിട്ടുള്ള നിയമനം
6 **പ്രായം** : 18–39 ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല.

**കുറിപ്പ് : അനുബന്ധം II കാണുക.**
(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i), (ii),(iii), (iv), (vi) & (xii) നോക്കുക)

**7.യോഗ്യതകൾ:** 1 ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച അഗ്രികൾച്ചർ/ബോട്ടണി/കെമിസ്ട്രി വിഷയത്തിലുള്ള ഡിഗ്രിയോ ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും ലഭിച്ച ഫോറസ്ട്രിയിലുള്ള ഡിപ്ലോമയോ.

2 ശാരീരിക അളവെടുപ്പ്:
പുരുഷന്മാർ (ജനറൽ) : ഉയരം 167 സെ.മീ; നെഞ്ചളവ് 81 സെ.മീ (5 സെ.മീ. ചുരുങ്ങിയ വികാസം)
പുരുഷന്മാർ (പട്ടികജാതി/പട്ടികവർഗ്ഗം) : ഉയരം 160 സെ.മീ. നെഞ്ചളവ് 76 സെ.മീ. (5 സെ.മീ. ചുരുങ്ങിയ വികാസം)
സ്ത്രീകൾ (ജനറൽ) : ഉയരം 152 സെ.മീ
സ്ത്രീകൾ (പട്ടികജാതി/പട്ടികവർഗ്ഗം) : ഉയരം 150 സെ.മീ.

**കുറിപ്പ്:** KS&SSR Part II Rule 10(a)ii ബാധകമാണ്
11 (a) പൊതുവ്യവസ്ഥകളിലെ 2ാം ഖണ്ഡികയിലെ (v),(vii),(viii),(ix),(x),(xi) &(xiii) എന്നീ ഉപഖണ്ഡികകളും 5, 5a, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന്ബാധകമല്ല.

## കാറ്റഗറി നമ്പർ: 561/2014
## ലോവർ ഡിവിഷൻ ക്ലാർക്ക്
## കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്

1 **വകുപ്പ്** : കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്
2 **ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ക്ലാർക്ക്
3 **ശമ്പളം** : ₹ 9190 – 15780/ രൂപ
4 **ഒഴിവുകളുടെ എണ്ണം** : 60 (NJD ഒഴിവുകൾ)

***(വിദേശ മദ്യഷോപ്പുകളിലെ ഒഴിവുകളിലേക്ക് സ്ത്രീകളെ പരിഗണിക്കുന്നതല്ല).***

കുറിപ്പ്: (i) 01.02.10ലെ G.O.(P)No.8/10/SWD നമ്പർ പ്രകാരം 3% ഒഴിവുകൾ വികലാംഗർക്കായി സംവരണം ചെയ്തിരിക്കുന്നു.

5 **നീയമന രീതി** : നേരിട്ടുള്ള നിയമനം
6 **പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02.01.1978നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല.

**കുറിപ്പ് : അനുബന്ധം II കാണുക.**
(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i), (ii),(iii), (iv), (vi),(vii)& (xii) നോക്കുക)

**7.യോഗ്യതകൾ**
എസ്.എസ്.എൽ.സി. അഥവാ തത്തുല്യ യോഗ്യത

**കുറിപ്പ്:**KS&SSR Part II Rule 10(a)ii ബാധകമാണ്.
11 (a) പൊതുവ്യവസ്ഥകളിലെ 2ാം ഖണ്ഡികയിലെ (v),(viii),(ix),(x),(xi) &(xiii) എന്നീ ഉപഖണ്ഡികകളും 6, 7 ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ: 562/2014
## ടർണർ
## സംസ്ഥാന ജലഗതാഗത വകുപ്പ്

1 **വകുപ്പ്** : സംസ്ഥാന ജലഗതാഗത വകുപ്പ്
2 **ഉദ്യോഗപ്പേര്** : ടർണർ
3 **ശമ്പളം** : ₹9190–15780/–
4 **ഒഴിവുകളുടെ എണ്ണം** : 2 (രണ്ട്)
5 **നിയമന രീതി** : നേരിട്ടുള്ള നിയമനം
6 **പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1978 നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്കം എന്നീ വിഭാഗങ്ങളിലുള്ളവർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവുണ്ടായിരിക്കും.
(വയസ്സിളവ് സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)
7 **യോഗ്യതകൾ** : ടർണർ ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.
കുറിപ്പ്:–KS&SSR Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 563/2014
## പെയിന്റർ
## സംസ്ഥാന ജലഗതാഗതം

1. **വകുപ്പ്** : സംസ്ഥാന ജലഗതാഗതം
2. **ഉദ്യോഗപ്പേര്** : പെയിന്റർ
3. **ശമ്പളം** : ₹ 8960–14260/–
4. **ഒഴിവുകളുടെ എണ്ണം** : 5 (അഞ്ച് )
5. **നിയമന രീതി** : നേരിട്ടുള്ള നിയമനം.
6. **പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02/ 01/ 1978 നും 01/01/ 1996 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റുപിന്നാക്കം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും. വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.
7. **യോഗ്യത** : 1. ഏഴാം ക്ളാസ് വിജയം അല്ലെങ്കിൽ തത്തുല്യയോഗ്യത ഉണ്ടായിരിക്കണം.
2. പെയിന്റിംഗിന്റെ വിവിധ ഘട്ടങ്ങളിലുള്ള പ്രാവീണ്യം ഉണ്ടായിരിക്കണം.

**കുറിപ്പ്** : 1. ഉദ്യോഗാർത്ഥികൾക്ക് പെയിന്റിങ്ങിലുള്ള പ്രാവീണ്യം തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഒരു പ്രായോഗിക പരീക്ഷയിലൂടെ നിർണ്ണയിക്കുന്നതായിരിക്കും.
2. KS&SSR Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 564/2014
## അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ)
## പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

1 **വകുപ്പ്** : പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
2 **ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ)
3 **ശമ്പളം** : ₹ 8,390 – 13,270/ രൂപ
4 **ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**കുറിപ്പ്:** (i) ഒഴിവുകളുടെ 3% വികലാംഗർക്കായി സംവരണം ചെയ്തിരിക്കുന്നു.

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം
6 **പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02.01.1978നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്** :1 പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ

**അനുബന്ധം II കാണുക.**
(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i), (ii),(iii), (iv), (vi),(vii)& (xii) നോക്കുക)

**7.യോഗ്യതകൾ**
1. എസ്. എസ്. എൽ.സി.
2. മെക്കാനിക്കൽ എഞ്ചിനീയറിംഗിലുള്ള ഡിപ്ലോമ

കുറിപ്പ്: KS&SSR Part II-se Rule 10(a)ii ബാധകമാണ്

## കാറ്റഗറി നമ്പർ: 565/2014
## സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ് I
## കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ്
## ജനറൽ വിഭാഗം

1. **സ്ഥാപനം** : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ്
2. **ഉദ്യോഗപ്പേര്** : സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ് I
3. **ശമ്പളം** : ₹ 8250 – 12250/
4. **ഒഴിവുകളുടെ എണ്ണം** : 6 (ആറ്)
5. **നിയമനരീതി** : നേരിട്ടുള്ള നിയമനം.
6. **പ്രായം** : 18–40 ഉദ്യോഗാർത്ഥികൾ 02/01/1974 നും 01/01/1996 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്.
(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് 2–ലെ പൊതു വ്യവസ്ഥകളിലെ 2–ാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്:– അനുബന്ധം VII കാണുക.**

**യോഗ്യതകൾ**: 1) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദം.

കുറിപ്പ്: Rule 10(a) (ii) of Part II, KS&SSR ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.

## കാറ്റഗറി നമ്പർ: 566/2014
## സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ് I
## കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ്
### (സൊസൈറ്റി വിഭാഗം)

1. **സ്ഥാപനം** : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ്
2. **ഉദ്യോഗപ്പേര്** : സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ് I
3. **ശമ്പളം** : ₹ 8250 – 12250/
4. **ഒഴിവുകളുടെ എണ്ണം** : 5 (അഞ്ച്)
5. **നിയമന രീതി** : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ പ്രൈമറി സൊസൈറ്റികളിൽ സ്ഥിരമായി ജോലിചെയ്യു വരും നിശ്ചിത യോഗ്യതയുള്ള വരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.
6. **പ്രായം** : 18–50, ഉദ്യോഗാർത്ഥികൾ 02/01/1964 നും 01/01/1996 –നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).

**യോഗ്യതകൾ** : 1) കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കൺ സ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ പ്രൈമറി സൊസൈറ്റികളിൽ ഏതെങ്കിലും തസ്തികയിൽ 3 (മൂന്ന്) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷാ തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റി സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.
2) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദം.
കുറിപ്പ്: Rule 10(a)(ii) of Part II, KS&SSR ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.

**കുറിപ്പ് :** (2) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ നിന്നുമുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ)–ൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**സർവ്വീസ് സർട്ടിഫിക്കറ്റ് – അനുബന്ധം XI കാണുക**

## ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

### കാറ്റഗറി നമ്പർ: 567/2014
### ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഗണിത ശാസ്ത്രം) തമിഴ് മീഡിയം (തസ്തികമാറ്റം വഴി)
### വിദ്യാഭ്യാസം

1 **വകുപ്പ്** : വിദ്യാഭ്യാസം
2. **ഉദ്യോഗപ്പേര്** : ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഗണിത ശാസ്ത്രം) തമിഴ് മീഡിയം (തസ്തികമാറ്റം വഴി)
3. **ശമ്പളം** : ₹ 15,380 – 25,900/
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
ഇടുക്കി 1

**കുറിപ്പ്:** (i)തസ്തികമാറ്റം വഴി നിയമനത്തിനായി വിജ്ഞാപനം ചെയ്ത ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.
(ii)അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള (approved Probationer) ആളോ ആയിരിക്കണം.
(iii) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSR– ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

5. **നിയമന രീതി** : തസ്തികമാറ്റം വഴിയുള്ള നിയമനം. (പൊതുവിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, പ്യൂൺ എന്നിവയിലേതെങ്കിലും തസ്തികകയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയവരിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനം) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി പ്രസ്തുത സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member), പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയ (approved Probationer)ആളോ ആയിരിക്കേണ്ടതാണ്.
6. **പ്രായം** : ബാധകമല്ല.
7. **യോഗ്യതകൾ** : (എ)കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ മാത്തമാറ്റിക്സിലോ, സ്റ്റാറ്റിസ്റ്റിക്സിലോ ഉള്ള ബിരുദം ഉണ്ടായിരിക്കണം. കൂടാതെ ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ B.Ed/BT ബിരുദവും ഉണ്ടായിരിക്കണം.

**കുറിപ്പ് :** (i) മാത്തമറ്റിക്സ്/സ്റ്റാറ്റിസ്റ്റിക്സ് ബിരുദാനന്തര ബിരുദം നേടിയവരെയും ബന്ധപ്പെട്ട വിഷയത്തിൽത്തന്നെ B.Ed/BT ബിരുദമുള്ള പക്ഷം ഈ തസ്തികയിലേക്ക് പരിഗണിക്കുന്നതാണ്.
(ii) റൂറൽ ഉന്നത വിദ്യാഭ്യാസ നാഷണൽ കൗൺസിൽ നൽകിയിട്ടുള്ള റൂറൽ സർവ്വീസ് ഡിപ്ലോമയും ഡിഗ്രിക്ക് തുല്യമായി ഈ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.
(iii) ഫിസിക്സ് പ്രധാന ഐച്ഛിക വിഷയമായും മാത്തമാറ്റിക്സ് ഉപഐച്ഛിക വിഷയമായും എടുത്ത ബിരുദവും ടീച്ചിംഗ് ഓഫ് മാത്തമാറ്റിക്സ് ഒരു വിഷയമായി എടുത്തിട്ടുള്ള ബി.എഡ്. ബിരുദവും ഉണ്ടെങ്കിൽ അങ്ങനെയുള്ളവർക്ക് ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഗണിതശാസ്ത്രം) തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അങ്ങനെയുള്ളവരെ മാത്തമാറ്റിക്സ്/സ്റ്റാറ്റിസ്റ്റിക്സ് പ്രധാന ഐച്ഛിക വിഷയമായി ബിരുദം എടുത്തിട്ടുള്ളവരുടെ അഭാവത്തിൽ മാത്രം പരിഗണിക്കുന്നതാണ്.
(iv) NCERT യുടെ മൈസൂറിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ നടത്തുന്ന ഫിസിക്സ് കെമിസ്ട്രി ഗണിതശാത്രം സ്ട്രീമിലെ B.Sc Ed യോഗ്യത നേടിയവർക്കും ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ് (GO (P) No 117/13/G Edn dtd 30.3.2013) .
(v) ഈ തസ്തികയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് തമിഴിൽ വേണ്ടത്ര പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതും ആയത് ഇന്റർവ്യൂ സമയത്ത് പരിശോധിക്കുന്നതുമാണ്. എഴുത്ത് പരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ് തമിഴിൽ ആയിരിക്കും. ഉത്തരങ്ങളും തമിഴിൽ തന്നെ എഴുതേണ്ടതാണ്.
(vi) അപേക്ഷയിൽ യോഗ്യതകൾ രേഖപ്പെടുത്തുമ്പോൾ ബ്രാക്കറ്റിൽ ബിരുദത്തിന്/ ബിരുദാനന്തര ബിരുദത്തിന് ഐച്ഛികമായി പഠിച്ച വിഷയം കൂടി രേഖപ്പെടുത്തേണ്ടതാണ്. അതുപോലെ തന്നെ ബി.എഡ്/ബി.റ്റി ബിരുദത്തിനൊപ്പം ബ്രാക്കറ്റിൽ ഏതു വിഷയത്തിലാണ് ബി.എഡ്/ബി.റ്റി ലഭിച്ചിട്ടുള്ളതെന്നും രേഖപ്പെടുത്തിയിരിക്കണം.
(vii) കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നും ബി.എഡ്/ബി.റ്റി ബിരുദം നേടിയവർ ആയത് ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള ട്രെയിനിംഗ് യോഗ്യതയ്ക്കു തുല്യമായി കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച ഉത്തരവിന്റെ നമ്പർ, തീയതി എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.
NB: KS & SSR se part II റൂൾ 10 (a) ii ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.
(ബി) അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ പ്യൂൺ എന്നിവയിലേതെങ്കിലും തസ്തികയിൽ അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം.

**കുറിപ്പ്** : മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് ആഫീസ്/വകുപ്പ് മേലാധികാരിയിൽ നിന്നും താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) വാങ്ങി കൈവശം വയ്ക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ മാത്രം ഹാജരാക്കേണ്ടതുമാണ്.

**സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് അനുബന്ധം IV കാണുക.**

### കാറ്റഗറി നമ്പർ: 568/2014
പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കപ്പെടുമ്പോൾ മുകളിൽ 7(4)–ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും (4 ബി ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴച ശക്തി സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവണ്മെന്റ് സർവീസിലുള്ള ഓഫ്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. നിശ്ചിത ഫോറം ബന്ധപ്പെട്ട ജില്ലാ ഓഫീസർ പ്രായോഗിക പരീക്ഷയ്ക്കുള്ള മെമ്മോയോടൊപ്പം ഉദ്യോഗാർത്ഥികൾക്ക് അയച്ചു തരുന്നതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ഈ വിജ്ഞാപനത്തിന്റെ ചുവടെ ചേർത്തിട്ടുണ്ട്.
**ശാരീരിക ക്ഷമത സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്, കാഴ്ചയെ സംബന്ധിച്ചുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് അനുബന്ധം IX കാണുക.**

## കാറ്റഗറി നമ്പർ 701/2014
## ഡ്രൈവർ ഗ്രേഡ് II (എൽ.ഡി.വി.)
## (സ്പെഷ്വൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് മാത്രം)
## വിവിധം

1. **വകുപ്പ്** : വിവിധം
2. **ഉദ്യോഗപ്പേര്** : ഡ്രൈവർ ഗ്രേഡ് II (എൽ.ഡി.വി.) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് മാത്രം)
3. **ശമ്പളം** : ₹ 9190– 15780/
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാതലം
കാസറഗോഡ് 1 (ഒന്ന്)

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം).
**6. പ്രായം :** 18 – 44 ഉദ്യോഗാർത്ഥികൾ 02.01.1970നും 01.01.1996 നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ).
**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു.
**7. യോഗ്യതകൾ :** (1) ഏഴാം ക്ലാസ് അല്ലെങ്കിൽ തേർഡ് ഫോറം പാസ്സായിരിക്കണം.
(2)ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് ഡ്രൈവേഴ്സ് ബാഡ്ജോടുകൂടിയ 3 (മൂന്ന്) വർഷത്തെ നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.
(3)ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിനുള്ള കഴിവ് [ഇത് പി.എസ്.സി. നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ (ഒ ടെസ്റ്റ് അടക്കം)] തെളിയിക്കേണ്ടതാണ്.
**കുറിപ്പ്:** 1) പ്രായോഗിക പരീക്ഷയിൽ H Test, റോഡ് ടെസ്റ്റ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. H ടെസ്റ്റ് പാസ്സായവരെ മാത്രമേ റോഡു ടെസ്റ്റിന് പരിഗണിക്കുകയുള്ളൂ.
2) തിരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും, അതായത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, ഒ.എം.ആർ. ടെസ്റ്റ്, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂത, നിയമന ശിപാർശ തുടങ്ങി എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം.
3) KS&SSR Part II Rule 10a(ii) ബാധകമാണ്.
(4) മെഡിക്കൽ ഫിറ്റ്നസ് :
(എ) ചെവി : പരിപൂർണ്ണ ശ്രവണ ശക്തി ഉണ്ടായിരിക്കണം.
(ബി) കണ്ണ് : ദൂരക്കാഴ്ച : 6/6 സ്നെല്ലൻ
സമീപക്കാഴ്ച : 0.5 സ്നെല്ലൻ
കളർവിഷൻ : സാധാരണമായിരിക്കണം
മാലക്കണ്ണ് : ഇല്ലാതിരിക്കണം
(സി) പേശികളും സന്ധികളും :
തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.
(ഡി) ഞരമ്പു ഘടന : പൂർണ്ണകമായും സാധാരണ ഗതിയിലുള്ളതായിരിക്കണം. പകർച്ച വ്യാധികളും ഉണ്ടായിരിക്കരുത്.
***കുറിപ്പ്: (1) വികലാംഗർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.***
(2) ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ ബന്ധപ്പെട്ട കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
(3) ഈ തസ്തികയുടെ തിരഞ്ഞെടുപ്പിനായി ഒരു പ്രായോഗിക പരീക്ഷ നടത്തുന്നതാണ്.
(4) പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കപ്പെടുമ്പോൾ മുകളിൽ7(4)–ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും (4 ബി ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴച ശക്തി സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവണ്മെന്റ് സർവ്വീസിലുള്ള ഓഫ്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. നിശ്ചിത ഫോറം ബന്ധപ്പെട്ട ജില്ലാ ഓഫീസർ പ്രായോഗിക പരീക്ഷയ്ക്കുള്ള മെമ്മോയോടൊപ്പം ഉദ്യോഗാർത്ഥികൾക്ക് അയച്ചു തരുന്നതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ഈ വിജ്ഞാപനത്തിന്റെ ചുവടെ ചേർത്തിട്ടുണ്ട്.
**ശാരീരിക ക്ഷമത സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്, കാഴ്ചയെ സംബന്ധിച്ചുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് അനുബന്ധം IX കാണുക.**

## കാറ്റഗറി നമ്പർ 702/2014
## ലാസ്റ്റ് ഗ്രേഡ് സർവന്റ്സ്
## (സ്പെഷ്വൽ റിക്രൂട്ട്മെന്റ്)
## (പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)
## വിവിധം

1. **വകുപ്പ്** : വിവിധം
2. **ഉദ്യോഗപ്പേര്** : ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) (പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)
3. **ശമ്പളം** : ₹ 8500 – 13210/
4. **ഒഴിവുകളുടെ എണ്ണം** :

| ജില്ലയുടെ പേര് | വിഭാഗം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | പട്ടികജാതി/പട്ടികവർഗ്ഗം | 8 |
| കൊല്ലം | പട്ടികജാതി/പട്ടികവർഗ്ഗം | 3 |
| ആലപ്പുഴ | പട്ടികജാതി/പട്ടികവർഗ്ഗം | 1 |
| കോട്ടയം | പട്ടികജാതി/പട്ടികവർഗ്ഗം | 1 |
| ഇടുക്കി | പട്ടികജാതി/പട്ടികവർഗ്ഗം | 1 |
| എറണാകുളം | പട്ടികജാതി/പട്ടികവർഗ്ഗം | 2 |
| പാലക്കാട് | പട്ടികജാതി/പട്ടികവർഗ്ഗം | 4 |
| കോഴിക്കോട് | പട്ടികവർഗ്ഗം | 1 |
| കാസർഗോഡ് | പട്ടികജാതി/പട്ടികവർഗ്ഗം | 1 |

**5. നിയമനരീതി :** നേരിട്ടുള്ള നിയമനം. (പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം–സ്പെഷ്യൽ റിക്രൂട്ട്മെന്റ്)
കുറിപ്പ് : പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.)
**6. പ്രായം :** പ്രായം 18–41, ഉദ്യോഗാർത്ഥികൾ 02.01.1973നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ)
കുറിപ്പ്:– നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയി 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാന് പാടില്ലാത്തതാകുന്നു.
**7. യോഗ്യതകൾ:** മലയാളത്തിലോ, തമിഴിലോ, കന്നഡയിലോ എഴുതുവാനും വായിക്കുവാനുമുള്ള കഴിവ്.
കുറിപ്പ്: 1) ലാസ്റ്റ് ഗ്രേഡ് തസ്തികയിലുള്ള വാച്ചർ, വാച്ച്മാൻ, നൈറ്റ് വാച്ചർ, മാർക്കർ (മെഡിക്കൽ കോളേജുകളും, കോളീജിയറ്റ് എഡ്യൂക്കേഷണൽ വകുപ്പും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പും), റഗുലർ മാർക്കർ (മൃഗസംരക്ഷണ വകുപ്പ്), ചെയിന്മാൻ (ലാന്റ് റവന്യൂ ആന്റ് ടൗൺ പ്ളാനിംഗ്) എന്നീ ഉദ്യോഗങ്ങൾക്ക് വികലാംഗർ അർഹരല്ല.
2) താഴെ പറയുന്ന ഉദ്യോഗങ്ങൾക്ക് സ്ത്രീകൾ അർഹരല്ല.
1. വാച്ച്മാൻ (എല്ലാ വിഭാഗങ്ങളിലുമുള്ളത്), വാച്ചർ, ചൗക്കീദാർ
2. ക്ളീനർ കം കണ്ടക്ടർ
3. ക്ലീനർ (ബോട്ട് ക്ളീനർ, ട്രാക്ടർ ക്ളീനർ, വാൻ ക്ളീനർ, ആംബുലൻസ്
ക്ളീനർ, ലോറി ക്ലീനർ)
4. ഫിഷർമാൻ
5. ഫിഷർമാൻ കം വാച്ച്മാൻ
6. ബോട്ട്മാൻ
7. ലാസ്കർ
8. ബുൾ അറ്റൻഡ്ന്റ്
9. ബുൾ കീപ്പർ
10. ചെയിന്മാൻ
11. ലാസ്കർ ഗ്രേഡ് 2/ഗേറ്റ്കീപ്പർ ഗ്രേഡ് 2 (അച്ചടി വകുപ്പ്)

3) ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് വകുപ്പിലെ തസ്തികകളിൽ ഹിന്ദു മത വിശ്വാസികളെ മാത്രമേ നിയമിക്കുകയുള്ളൂ.
4) ലാസ്റ്റ് ഗ്രേഡ് തസ്തികയിലുള്ള എല്ലാ തസ്തികകൾക്കും വേണ്ടി പൊതുവായ ഒരു റാങ്ക് ലിസ്റ്റ് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.
5) വാച്ച് വുമൺ തസ്തികയിലേയ്ക്ക് സ്ത്രീകളെ മാത്രമേ പരിഗണിക്കുകയുള്ളു.
6) കേരള മുനിസിപ്പൽ കോമൺ സർവീസിലെ എൽ.ജി.എസ് തസ്തികയുടെ ഒഴിവുകൾ ഈ വിജ്ഞാപന പ്രകാരം ഓരോ ജില്ലയിലേയ്ക്കും തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ ഉൾപ്പൊടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മത പത്രം വാങ്ങാതെ തന്നെ നികത്തുന്നതാണ്.
7) ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ ഉള്പ്പെട്ടിട്ടുള്ള ഏഴാം ക്ലാസ് പാസ്സായ ഉദ്യോഗാർത്ഥികളിൽ നിന്നും മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം സമ്മതപത്രം നൽകുന്ന ഉദ്യോഗാർത്ഥികളെ (വനിതകളും പി.എച്ചും ഒഴികെ) ഗവണ്മെന്റ് പ്രസിലെ ലാസ്കർ ഗ്രേഡ് 2/ ഗേറ്റ് കീപ്പർ ഗ്രേഡ് 2 തസ്തികയിലേയ്ക്ക് നിയമനശിപാർശ നടത്തുന്നതാണ്.
8) KS&SSR Part II Rule 10 a(ii) ബാധകമാണ്.

**എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (സംസ്ഥാനതലം)**

## കാറ്റഗറി നമ്പർ 703/2014
## ലക്ചറർ ഇൻ സംസ്കൃതം (ജ്യോതിഷം)
## കോളേജ് വിദ്യാഭ്യാസം

1. **വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
2. **ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ സംസ്കൃതം(ജ്യോതിഷം)
3. **ശമ്പളം** : യു.ജി.സി നിരക്കിൽ
4. **ഒഴിവുകളുടെ എണ്ണം** : പട്ടികജാതി 1 (ഒന്ന്)

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം (പട്ടികജാതിക്കാരിൽ നിന്ന് മാത്രം) (പട്ടികജാതിക്കാരായ അപേക്ഷകരുടെ അഭാവത്തിൽ പട്ടികവർഗ്ഗക്കാരുടെ അപേക്ഷകളും പരിഗണിക്കുന്നതാണ്).
കുറിപ്പ് : പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.
**6. പ്രായം** :22–45 ഉദ്യോഗാർത്ഥികൾ 02.01.1969 നും 01.01.1992 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക ( ഖണ്ഡിക 2(i) ഒഴികെ)
**7. യോഗ്യതകൾ:** 1) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അമ്പത് ശതമാന (50%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള ബിരുദാനന്തരബിരുദം (എം.എ. സംസ്കൃതം ജ്യോതിഷം) ഉണ്ടായിരിക്കണം.
2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (Comprehensive Test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.
കുറിപ്പ്: i) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)
ii) സംസ്കൃതത്തിലെ ഒരു പ്രത്യേക വിഷയം പഠിപ്പിക്കേണ്ടതിന് ലക്ചറർമാരെ ആവശ്യമായി വരുമ്പോൾ ആ വിഷയത്തിൽ എം.എ. (സ്പെഷ്യൽ) പഠിച്ചവരെ മാത്രമാണ് തെരഞ്ഞെടുപ്പിന് യോഗ്യരായി കണക്കാക്കുന്നത്. [(G.O(P)No.41/94/H.Edn. Dated 21.03.1994),G.O(P) No. 114/94/H.Edn. Dated 06.08.1994).
iii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവകലാശാലകൾ നല്കുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു
iv) KS & SSR Part II Rule 10 (a) ii ബാധകമാണ്.

## കാറ്റഗറി നമ്പർ 704/2014
## ലക്ചറർ ഇൻ മാത്തമാറ്റിക്സ്
## കോളേജ് വിദ്യാഭ്യാസം

1. **വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
2. **ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ മാത്തമാറ്റിക്സ്
3. **ശമ്പളം** : യു.ജി.സി. നിരക്കിൽ
4. **ഒഴിവുകളുടെ എണ്ണം** : ലത്തീൻ കത്തോലിക്ക/ ആംഗ്ലോ ഇന്ത്യൻ 2 (രണ്ട്)

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം (ലത്തീൻ കത്തോലിക്ക/ ആംഗ്ലോ ഇന്ത്യൻ സമുദായങ്ങളിൽ നിന്ന് മാത്രം).
കുറിപ്പ്: മേൽപ്പറഞ്ഞ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നല്കു ന്നതല്ല.
**6. പ്രായം** : 22 – 43 ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01. 1992 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക). (ഖണ്ഡിക 2(i) ഒഴികെയുള്ളവ)
**7. യോഗ്യതകൾ:** 1) അൻപത്തിയഞ്ച് ശതമാനം (55%) മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ (മാത്തമാറ്റിക്സ്) നേടിയിട്ടുള്ള ബിരുദാനന്തരബിരുദം അല്ലെങ്കിൽ

തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലര്‍ത്തി യിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കില്‍ സംസ്ഥാന സര്‍ക്കാര്‍ പ്രത്യേകം രൂപീകരിച്ച ഏജന്‍സിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (Comprehensive Test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോള്‍ മലയാളത്തില്‍ പരിജ്ഞാനമുള്ള ഉദ്യോഗാര്‍ത്ഥിക്ക് മുന്‍ഗണന നല്കുന്നതാണ്.

**കുറിപ്പ്:** i) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാര്‍ത്ഥികള്‍ക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാര്‍ക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii) ബന്ധപ്പെട്ട വിഷയത്തില്‍ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയില്‍ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

iii) മേല്‍പ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്‍ അംഗീകരിച്ചിട്ടുള്ള സര്‍വ്വകലാശാലകള്‍ നല്‍കുന്ന ബിരുദങ്ങള്‍ മാത്രമേ പരിഗണിക്കുകയുള്ളു.

iv) KS & SSR Part II Rule 10(a)ii ബാധകമാണ്.

## കാറ്റഗറി നമ്പര്‍ 705/2014
## ലക്ചറര്‍ ഇന്‍ ഫ്രഞ്ച്
## കോളേജ് വിദ്യാഭ്യാസം
## മൂന്നാം എന്‍.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ലക്ചറര്‍ ഇന്‍ ഫ്രഞ്ച്
**3. ശമ്പളം** : യു.ജി.സി നിരക്കില്‍
**4. ഒഴിവുകളുടെ എണ്ണം**: ഈഴവ/തിയ്യ/ബില്ലവ 1 (ഒന്ന്)

മേല്‍പ്പറഞ്ഞ ഒഴിവ് ഇപ്പോള്‍ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 18.04.2011 തീയതിയില്‍ നിലവില്‍ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവില്‍ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉഉദ്യോഗാര്‍ത്ഥികളുടെ അഭാവത്തില്‍ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശിപാര്‍ശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തില്‍ ഉണ്ടായിരിക്കുന്നതാണ്. ഒന്നാം എന്‍.സി.എ. വിജ്ഞാപനം (ഗസറ്റ് തീയതി: 16.04.2012 കാറ്റഗറി നമ്പര്‍ 43/2012), രണ്ടാം എന്‍.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി: 31.08.2013 കാറ്റഗറി നമ്പര്‍ 276/2013) എന്നിവ പ്രകാരം പ്രസ്തുത സമുദായത്തിലെ അര്‍ഹരായ ഉദ്യോഗാര്‍ത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള മൂന്നാം എന്‍.സി.എ വിജ്ഞാപനമാണിത്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (ഈഴവ/തിയ്യ/ബില്ലവ വിഭാഗത്തില്‍പ്പെട്ട ഉദ്യോഗാര്‍ത്ഥികളില്‍ നിന്നു മാത്രം)

**6. പ്രായം** : 22–43 02.01.1971 നും 01.01.1992 നും ഇടയില്‍ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉള്‍പ്പെടെ). [വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകള്‍ക്ക് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2(i)(ii)(iii)(iv))]ഒഴികെ.

**7. യോഗ്യതകള്‍**: 1) അമ്പത്തിയഞ്ച് ശതമാനം (55 %) മാര്‍ക്കി ല്‍ കുറയാതെയുള്ള മാര്‍ക്കോടെ ബന്ധപ്പെട്ട വിഷയത്തില്‍ ബിരുദാനന്തരബിരുദം അല്ലെങ്കില്‍ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലര്‍ത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കില്‍ സംസ്ഥാന സര്‍ക്കാര്‍ പ്രത്യേകം രൂപീകരിച്ച ഏജന്‍സിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോള്‍ മലയാളത്തില്‍ പരിജ്ഞാനമുള്ള ഉദ്യോഗാര്‍ത്ഥികള്‍ക്ക് മുന്‍ഗണന നല്‍കുന്നതാണ്.

**കുറിപ്പ്:** i) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാര്‍ത്ഥികള്‍ക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാര്‍ക്ക് മതിയാകുന്നതാണ്. (G.O (MS) No.2/07/H.Edn dated 04.01.2007)

ii) ബന്ധപ്പെട്ട വിഷയത്തില്‍ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയില്‍ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

iii) മേല്‍പ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്‍ അംഗീകരിച്ചിട്ടുള്ള സര്‍വകലാശാലകള്‍ നല്‍കുന്ന ബിരുദങ്ങള്‍ മാത്രമേ പരിഗണിക്കുകയുള്ളു.

iv) KS & SSR Part II Rule 10 (a)(ii) പ്രകാരമുള്ള വ്യവസ്ഥകള്‍ ബാധകമാണ്.

## കാറ്റഗറി നമ്പര്‍ 706/2014 - 707/2014
## ലക്ചറര്‍ ഇന്‍ അറബിക്
## കോളേജ് വിദ്യാഭ്യാസം
## ഒന്നാം എന്‍.സി.എ. വിജ്ഞാപനം

1. വകുപ്പ് : കോളേജ് വിദ്യാഭ്യാസം
2. ഉദ്യോഗപ്പേര് : ലക്ചറര്‍ ഇന്‍ അറബിക്
3. ശമ്പളം : യു.ജി.സി നിരക്കില്‍
4. ഒഴിവുകളുടെ എണ്ണം :

| കാറ്റഗറി നം. | സമുദായം/ഒഴിവുകളുടെ എണ്ണം |
|---|---|
| 706/2014 | ഈഴവ/തിയ്യ/ബില്ലവ 2(രണ്ട്) |
| 707/2014 | എല്‍.സി./എ.ഐ 2 (രണ്ട്) |

മേല്‍പ്പറഞ്ഞ ഒഴിവുകള്‍ ഇപ്പോള്‍ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 07.12.2009 ല്‍ നിലവില്‍ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവില്‍ മേല്‍പ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാര്‍ത്ഥികളുടെ അഭാവത്തില്‍ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാര്‍ശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തില്‍ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി:** നേരിട്ടുള്ള നിയമനം (ഈഴവ/ തിയ്യ/ ബില്ലവ സംവരണ വിഭാഗത്തില്‍പ്പെടുന്ന ഉദ്യോഗാര്‍ത്ഥികള്‍ ളില്‍ നിന്ന് മാത്രം).

**6. പ്രായം** : 22 – 43 ഉദ്യോഗാര്‍ത്ഥികള്‍ 02.01.1971നും 01.01.1992നും ഇടയില്‍ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉള്‍പ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകള്‍ക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).(ഖണ്ഡിക 2 (i)(ii)(iii)(iv) ഒഴികെ)

**7. യോഗ്യതകള്‍**

1) അന്‍പത്തഞ്ച് ശതമാനം (55%) മാര്‍ക്കില്‍ കുറയാതെയുള്ള മാര്‍ക്കോടെ അറബിക് വിഷയത്തില്‍ ബിരുദാനന്തരബിരുദം അല്ലെങ്കില്‍ ഇതിന്റെ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലര്‍ത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കില്‍ സംസ്ഥാന സര്‍ക്കാര്‍ പ്രത്യേകം രൂപീകരിച്ച ഏജന്‍സിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോള്‍ മലയാളത്തില്‍ പരിജ്ഞാനമുള്ള ഉദ്യോഗാര്‍ത്ഥികള്‍ മുന്‍ഗണന നല്കുന്നതാണ്.

കുറിപ്പ്: i) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാര്‍ത്ഥികള്‍ക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാര്‍ക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii) ബന്ധപ്പെട്ട വിഷയത്തില്‍ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയില്‍ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. G.O. (MS) No.86/07/H.Edn dated 19.06.2007)

iii) മേല്‍പ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്‍ അംഗീകരിച്ചിട്ടുള്ള സര്‍വ്വകലാശാലകള്‍ നല്‍കുന്ന ബിരുദങ്ങള്‍ മാത്രമേ പരിഗണിക്കുകയുള്ളു.

IV) KS&SSR PART II RULE 10(A) II പ്രകാരമുള്ള വ്യവസ്ഥകള്‍ ബാധകമാണ്.

## കാറ്റഗറി നമ്പര്‍ 708/2014
## ലക്ചറര്‍ ഇന്‍ സ്റ്റാറ്റിസ്റ്റിക്സ്
## കോളേജ് വിദ്യാഭ്യാസം
## ഒന്നാം എന്‍.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ലക്ചറര്‍ ഇന്‍ സ്റ്റാറ്റിസ്റ്റിക്സ്
**3. ശമ്പളം** : യു.ജി.സി നിരക്കില്‍
**4. ഒഴിവുകളുടെ എണ്ണം** : മുസ്ലീം/മാപ്പിള 3 (മൂന്ന്)

**5. നിയമന രീതി:** നേരിട്ടുള്ള നിയമനം (മുസ്ലീം/മാപ്പിള സംവരണ വിഭാഗത്തില്‍പ്പെടുന്ന ഉദ്യോഗാര്‍ത്ഥികളില്‍ നിന്ന് മാത്രം).

**6. പ്രായം** : 22–43. ഉദ്യോഗാര്‍ത്ഥികള്‍ 02.01.1971 നും 01.01.1992 നും ഇടയില്‍ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉള്‍പ്പെടെ)(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകള്‍ വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക). (ഖണ്ഡിക2(i),(ii),(iii),(iv) ഒഴികെയുള്ളവ)

**7. യോഗ്യതകള്‍**: 1) അന്‍പത്തിയഞ്ച് ശതമാന (55%) ത്തില്‍ കുറയാതെയുള്ള മാര്‍ക്കോടെ ബന്ധപ്പെട്ട വിഷയത്തില്‍ (സ്റ്റാറ്റിസ്റ്റിക്സ്) ബിരുദാനന്തരബിരുദം അല്ലെങ്കില്‍ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലര്‍ത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കില്‍ സംസ്ഥാന സര്‍ക്കാര്‍ പ്രത്യേകം രൂപീകരിച്ച ഏജന്‍സിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (Comprehensive Test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോള്‍ മലയാളത്തില്‍ പരിജ്ഞാനമുള്ള ഉദ്യോഗാര്‍ത്ഥികക്ക് മുന്‍ഗണന നല്‍കുന്നതാണ്.

കുറിപ്പ്: i) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാര്‍ത്ഥികള്‍ക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാര്‍ക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii) ബന്ധപ്പെട്ട വിഷയത്തില്‍ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയില്‍ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ( G.O. (MS) No.86/07/H.Edn dated 19.06.2007)

iii) മേല്‍പ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്‍ അംഗീകരിച്ചിട്ടുള്ള സര്‍വ്വകലാശാലകള്‍ നല്കുന്ന ബിരുദങ്ങള്‍ മാത്രമേ പരിഗണിക്കുകയുള്ളൂ.

iv) KS & SSR Part II Rule 10 (a) ii പ്രകാരമുള്ള വ്യവസ്ഥകള്‍ ബാധകമാണ്.

## കാറ്റഗറി നമ്പര്‍ 709/2014
## ലക്ചറര്‍ ഇന്‍ സംസ്കൃതം (ന്യായം)
## കോളേജ് വിദ്യാഭ്യാസം
## ഒന്നാം എന്‍.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ലക്ചറര്‍ ഇന്‍ സംസ്കൃതം (ന്യായം)
**3. ശമ്പളം** : യു.ജി.സി നിരക്കില്‍
**4. ഒഴിവുകളുടെ എണ്ണം** : മുസ്ലീം/മാപ്പിള 1 (ഒന്ന്)

**5. നിയമന രീതി:** നേരിട്ടുള്ള നിയമനം (മേല്‍പ്പറഞ്ഞ സംവരണ വിഭാഗത്തില്‍പ്പെ ടുന്ന ഉദ്യോഗാര്‍ത്ഥികളില്‍ നിന്ന് മാത്രം).

**6. പ്രായം** :22 – 43 ഉദ്യോഗാര്‍ത്ഥികള്‍ 02.01.1971 നും 01.01.1992 നും ഇടയില്‍ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉള്‍പ്പെടെ) [വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകള്‍ക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2(i)(ii)(iii) & (iv) ഒഴികെ)]

**7. യോഗ്യതകള്‍:** 1) അന്‍പത്തിയഞ്ച് ശതമാന (55%) ത്തില്‍ കുറയാതെയുള്ള മാര്‍ക്കോടെ ബന്ധപ്പെട്ട വിഷയത്തില്‍ നേടിയിട്ടുള്ള ബിരുദാനന്തരബിരുദം. (അതായത് എം.എ. സംസ്കൃതം ന്യായം)

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കില്‍ സംസ്ഥാന സര്‍ക്കാര്‍ പ്രത്യേകം രൂപീകരിച്ച ഏജന്‍സിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (Comprehensive Test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോള്‍ മലയാളത്തില്‍ പരിജ്ഞാനമുള്ള ഉദ്യോഗാര്‍ത്ഥികള്‍ക്ക് മുന്‍ഗണന നല്‍കുന്നതാണ്.

കുറിപ്പ്: i) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാര്‍ത്ഥികള്‍ക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാര്‍ക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii) ബന്ധപ്പെട്ട വിഷയത്തില്‍ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയില്‍ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

iii) സംസ്കൃതത്തിലെ ഒരു പ്രത്യേക വിഷയം പഠിപ്പിക്കേണ്ടതിന് ലക്ചറര്‍മാരെ ആവശ്യമായി വരുമ്പോള്‍ ആ വിഷയത്തില്‍ എം.എ. (സ്പെഷ്യല്‍) പഠിച്ചവരെ മാത്രമാണ് തെരഞ്ഞെടുപ്പിന് യോഗ്യരായി കണക്കാക്കുന്നത്. [(G.O(P)No.41/94/H.Edn. Dated 21.03.1994),G.O(P) No. 114/94/H.Edn. Dated 06.08.1994).

iv) മേല്‍പ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്‍ അംഗീകരിച്ചിട്ടുള്ള സര്‍വകലാശാലകള്‍ നല്‍കുന്ന ബിരുദങ്ങള്‍ മാത്രമേ പരിഗണിക്കുകയുള്ളു.

v) KS & SSR, Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പര്‍ 710/2014
## ലക്ചറര്‍ ഇന്‍ സംസ്കൃതം
## (സ്പെഷ്യല്‍ സാഹിത്യ)
## കോളേജ് വിദ്യാഭ്യാസം
## ഒന്നാം എന്‍.സി.എ. വിജ്ഞാപനം

**1. വകുപ്പ്** :കോളേജ് വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** :ലക്ചറര്‍ ഇന്‍ സംസ്കൃതം (സ്പെഷ്യല്‍ സാഹിത്യ)
**3. ശമ്പളം** :യു.ജി.സി. നിരക്കില്‍
**4. ഒഴിവുകളുടെ എണ്ണം** :മുസ്ലീം/മാപ്പിള 1 (ഒന്ന്)

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം (മുസ്ലീം/മാപ്പിള സമുദായത്തില്‍ നിന്ന് മാത്രം).

**6. പ്രായം :** 22 – 43. ഉദ്യോഗാര്‍ത്ഥികള്‍ 02.01.1971 നും 01.01.1992 നും ഇടയില്‍ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉള്‍പ്പെടെ)[വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകള്‍ക്ക് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2 (i),(ii),(iii)&(iv) ഒഴികെ)]

**7.യോഗ്യതകള്‍:** 1) അമ്പത്തിയഞ്ച് ശതമാനം (55 %) മാര്‍ക്കി ല്‍ കുറയാതെ ബന്ധപ്പെട്ട വിഷയത്തില്‍ നേടിയിട്ടുള്ള ബിരുദാനന്തരബിരുദം. അതായത് എം.എ. സംസ്കൃതം (സ്പെഷ്യല്‍ സാഹിത്യ).

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കില്‍ സംസ്ഥാന സര്‍ക്കാര്‍ പ്രത്യേകം രൂപീകരിച്ച ഏജന്‍സിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (Comprehensive Test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോള്‍ മലയാളത്തില്‍ പരിജ്ഞാനമുള്ള ഉദ്യോഗാര്‍ത്ഥികചറപക്ക് മ്റപഗണന നല്‍കുന്നതാണ്.

**കുറിപ്പ്:** i) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ

പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O.(MS) No.86/07/H.Edn dated 19.06.2007)

iii) സംസ്കൃതത്തിലെ ഒരു പ്രത്യേക വിഷയം പഠിപ്പിക്കേണ്ടതിന് ലക്ചറർമാരെ ആവശ്യമായി വരുമ്പോൾ ആ വിഷയത്തിൽ എം.എ. (സ്പെഷ്യൽ) പഠിച്ചവരെ മാത്രമാണ് തെരഞ്ഞെടുപ്പിന് യോഗ്യരായി കണക്കാക്കുന്നത്. [(G.O(P)No.41/94/H.Edn. Dated 21.03.1994),G.O(P) No. 114/94/H.Edn. Dated 06.08.1994).

iv) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

v) KS & SSR, Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ 711/2014
## ലക്ചറർ ഇൻ ഹിന്ദി
## കോളേജ് വിദ്യാഭ്യാസം
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ ഹിന്ദി
**3. ശമ്പളം** : യു.ജി.സി. നിരക്കിൽ
**4. ഒഴിവുകളുടെ എണ്ണം** : മറ്റ് ക്രിസ്ത്യാനികൾ (ഒ.എക്സ്.) 1 (ഒന്ന്)

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം (ബന്ധപ്പെട്ട സംവരണ സമുദായത്തിൽ നിന്ന് മാത്രം).

**6. പ്രായം :** 22 – 43. ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1992 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഒഴികെ)

**7. യോഗ്യതകൾ:** 1) അൻപത്തിയഞ്ച് ശതമാന (55%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (Comprehensive Test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നല്കുന്നതാണ്.

കുറിപ്പ്: i) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (Comprehensive Test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നല്കുഇന്നതാണ്.

**കുറിപ്പ്:** i) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O.(MS) No.86/07/H.Edn dated 19.06.2007)

iii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

iv) KS & SSR, Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ 712/2014
## ലക്ചറർ ഇൻ ഇസ്ലാമിക് ഹിസ്റ്ററി
## കോളേജ് വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

1. വകുപ്പ് : കോളേജ് വിദ്യാഭ്യാസം
2. ഉദ്യോഗപ്പേര് : ലക്ചറർ ഇൻ ഇസ്ലാമിക് ഹിസ്റ്ററി
3. ശമ്പളം : യു.ജി.സി. നിരക്ക്
4. ഒഴിവുകളുടെ എണ്ണം : 1 [ലത്തീൻ കത്തോലിക്ക/ ആംഗ്ലോ ഇൻഡ്യൻ]

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം (ലത്തീൻ കത്തോലിക്ക/ആംഗ്ലോ ഇൻഡ്യൻ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം).

**6. പ്രായം :** 22–43. ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1992 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക്] വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥ കളിലെ രണ്ടാം ഖണ്ഡിക നോക്കുക). (ഖണ്ഡിക 2(i),(ii),(iii),(iv) ഒഴികെയുള്ളവ)

**7. യോഗ്യതകൾ:** 1) അൻപത്തിയഞ്ച് ശതമാന (55%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ഇസ്ലാമിക് ഹിസ്റ്ററിയിൽ നേടിയിട്ടുള്ള ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (Comprehensive Test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്**: i) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

iii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവകകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

iv) KS &SSR Part II Rule 10(a)ii പ്രകാരമുള്ള വ്യവസ്ഥകൾ ബാധകം.

## കാറ്റഗറി നമ്പർ 713/2014
## ലക്ചറർ ഇൻ മാത്തമാറ്റിക്സ്
## കോളേജ് വിദ്യാഭ്യാസം
## നാലാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ മാത്തമാറ്റിക്സ്
**3. ശമ്പളം** : യു.ജി.സി. നിരക്കിൽ
**4. ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്) മറ്റു ക്രിസ്ത്യാനികൾ (ഒ.എക്സ്.)

**5. നിയമന രീതി:** നേരിട്ടുള്ള നിയമനം [മറ്റ് ക്രിസ്ത്യാനികൾ (ഒ.എക്സ്.) വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം.]

**6. പ്രായം :** 22 43. ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1992നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) (പ്രായപരിധി സംബന്ധിച്ച നിബന്ധനകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക) (ഖണ്ഡിക 2 (I),(ii),(iii) ഒഴികെ)

**7. യോഗ്യതകൾ:** 1) അൻപത്തിയഞ്ച് ശതമാന (55%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിലുള്ള ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O (MS) No.2/07/H.Edn dated 04.01.2007)

ii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

iii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

iv) KS & SSR Part II Rule 10 (a) ii പ്രകാരമുള്ള വ്യവസ്ഥകൾ ബാധകം.

## കാറ്റഗറി നമ്പർ 714/2014
## ലക്ചറർ ഇൻ മാത്തമാറ്റിക്സ്
## കോളേജ് വിദ്യാഭ്യാസം
## മൂന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ മാത്തമാറ്റിക്സ്
**3. ശമ്പളം** : യു.ജി.സി നിരക്ക്
**4. ഒഴിവുകളുടെ എണ്ണം** : പതിനാറ് (പട്ടികജാതി)

**5 നിയമന രീതി:** നേരിട്ടുള്ള നിയമനം (പട്ടികജാതിക്കാരിൽ നിന്നു മാത്രം. പട്ടികജാതിക്കാരായ അപേക്ഷകരുടെ അഭാവത്തിൽ പട്ടികവർഗ്ഗക്കാരുടെ അപേക്ഷകളും പരിഗണിക്കുന്നതാണ്).

**6. പ്രായം:** 22–45: 02.01.1969 നും 01.01.1992 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) [വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഒഴികെ)]

**7. യോഗ്യതകൾ :** 1) പട്ടികജാതി/പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് അൻപത് ശതമാനം (50%) മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (Comprehensive Test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

കുറിപ്പ്: i) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

ii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

iii) KS & SSR Part II Rule 10(a)ii ബാധകമാണ്.

## കാറ്റഗറി നമ്പർ 715/2014
## ലക്ചറർ ഇൻ ഇംഗ്ലീഷ്
## കോളേജ് വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ ഇംഗ്ലീഷ്
**3. ശമ്പളം** : യു.ജി.സി നിരക്കിൽ
**4. ഒഴിവുകളുടെ എണ്ണം** : മുസ്ലീം/മാപ്പിള 1 (ഒന്ന്)

**5. നിയമന രീതി:** നേരിട്ടുള്ള നിയമനം (മേൽപ്പറഞ്ഞ സംവരണ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം).

**6. പ്രായം** :22–43 ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1992 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

**7. യോഗ്യതകൾ:** 1) അൻപത്തിയഞ്ച് ശതമാന (55%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (Comprehensive Test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാതത്ഥികൾക്ക് മുൻഗണന നൽകരന്നതാണ്.

**കുറിപ്പ്:** i) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ( G.O. (MS) No.86/07/H.Edn dated 19.06.2007)

iii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

iv) KS & SSR, Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 716/2014
## ലക്ചറർ ഇൻ ഹിസ്റ്ററി
## കോളേജ് വിദ്യാഭ്യാസം
### രണ്ടാം എൻ.സി.എ. വിജ്ഞാപനം

**1 വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ ഹിസ്റ്ററി
**3 ശമ്പളം** : യു.ജി.സി. നിരക്ക്
**4 ഒഴിവുകളുടെ എണ്ണം:** ധീവര 1 (ഒന്ന്)

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം ( ധീവര സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**കുറിപ്പ്:** മേൽപ്പറഞ്ഞ സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള

അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** 22–43. ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1992 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക) (ഖണ്ഡിക 2(i)(ii)(iii)(iv) ഒഴികെ.)

**7 യോഗ്യതകൾ**

1) അൻപത്തിയഞ്ച് ശതമാന (55%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസി ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (ഇീ്യ ലവലിശ്വേ ഠലലെ) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) KS & SSR, Part II Rule 10(a)(ii) ബാധകമാണ്.

ii) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/2007/H.Edn dated 04.01.2007)

iii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സിയുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/2007/H.Edn dated 19.06.2007)

iv) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

## കാറ്റഗറി നമ്പർ: 717/2014
## ലക്ചറർ ഇൻ ഇലക്ട്രോണിക്സ്
## കോളേജ് വിദ്യാഭ്യാസം
### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ ഇലക്ട്രോണിക്സ്
**3. ശമ്പളം** : യു.ജി.സി നിരക്കിൽ
**4. ഒഴിവുകളുടെ എണ്ണം** : എൽ.സി./ എ.ഐ 1 (ഒന്ന്)
**5. നിയമന രീതി:** നേരിട്ടുള്ള നിയമനം (ഈ വിജ്ഞാപനത്തിൽ പരാമർശിക്കുന്ന സംവരണ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം).

**6. പ്രായം** :22–43. ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1992 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)വയസ്സിളവിനെ സംബന്ധിച്ച നിബന്ധനകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക) (ഖണ്ഡിക 2 (I),(ii),(iii)& (iv) ഒഴികെ)

**7. യോഗ്യതകൾ:** 1) അൻപത്തിയഞ്ച് ശതമാന (55%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (Comprehensive Test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

കുറിപ്പ്: i) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii)ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സിയുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ( G.O. (MS) No.86/07/H.Edn dated 19.06.2007)

iii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

iv) KS & SSR, Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 718/2014
## ലക്ചറർ ഇൻ ഫിസിക്കൽ എഡ്യൂക്കേഷൻ
## കോളേജ് വിദ്യാഭ്യാസം
### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1 വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ ഫിസിക്കൽ എഡ്യൂക്കേഷൻ
**3 ശമ്പളം** : യു.ജി.സി നിരക്കിൽ
**4 ഒഴിവുകളുടെ എണ്ണം** : ധീവര 1 (ഒന്ന്)
**5 നിയമന രീതി** : നേരിട്ടുള്ള നിയമനം (ധീവര സംവരണ വിഭാഗത്തിൽ നിന്ന് മാത്രം).

**6 പ്രായം:** 22–43. ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1992 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

**7 യോഗ്യതകൾ** 1) അൻപത്തഞ്ച് ശതമാന (55%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test)- ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii)ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സിയുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

iii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

iv) KS & SSR, Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 719/2014
## ലക്ചറർ ഇൻ കെമിസ്ട്രി
## കോളേജ് വിദ്യാഭ്യാസം

**1 വകുപ്പ്** :കോളേജ് വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** :ലക്ചറർ ഇൻ കെമിസ്ട്രി
**3 ശമ്പളം** :യു.ജി.സി നിരക്കിൽ
**4 ഒഴിവുകളുടെ എണ്ണം** :മറ്റ്ക്രിസ്ത്യാനികൾ (ഒഎക്സ്)1(ഒന്ന്)
**5. നിയമന രീതി:** നേരിട്ടുള്ള നിയമനം (ഒ.എക്സ്. സംവരണ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം).

**6. പ്രായം** : 22–43 ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1992 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക). (ഖണ്ഡിക 2 (i),(ii),(iii) & (iv)ഒഴികെ)

**7. യോഗ്യതകൾ:** 1) അൻപത്തിയഞ്ച് ശതമാന (55%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (Comprehensive Test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii)ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സിയുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ( G.O. (MS) No.86/07/H.Edn dated 19.06.2007)

iii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

iv) KS & SSR, Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 720/2014
## ലക്ചറർ ഇൻ അറബിക്
## കോളേജ് വിദ്യാഭ്യാസം
### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1 വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ അറബിക്
**3 ശമ്പളം** : യു.ജി.സി നിരക്കിൽ
**4 ഒഴിവുകളുടെ എണ്ണം** : ഒ.ബി.സി. 1 (ഒന്ന്)
**5. നിയമന രീതി:** നേരിട്ടുള്ള നിയമനം (ഒ.ബി.സി. സംവരണ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം).

**കുറിപ്പ്:** മേൽപ്പറഞ്ഞ സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 22–43

ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.1992നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക). (ഖണ്ഡിക 2 (i)(ii)(iii)(iv) ഒഴികെ)

**7. യോഗ്യതകൾ** 1) അൻപത്തഞ്ച് ശതമാന (55%) ത്തിൽ കുറയാതെയുള്ള മാർക്കോടെ അറബിക് വിഷയത്തിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി.യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സിയുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007 )

iii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

iv) KS&SSR Part II Rule 10(a) ii പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാണ്.

## കാറ്റഗറി നമ്പർ 721/2014
## സീനിയർ ലക്ചറർ/
## ലക്ചറർ ഇൻ ജനറൽ മെഡിസിൻ
## മെഡിക്കൽ വിദ്യാഭ്യാസം
### രണ്ടാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : സീനിയർ ലക്ചറർ/ലക്ചറർ ഇൻ ജനറൽ മെഡിസിൻ
**3. ശമ്പളം** : യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച്
**4. ഒഴിവുകൾ** : ലത്തീൻ കത്തോലിക്കർ – 1
**5. നിയമന രീതി:**– നേരിട്ടുള്ള നിയമനം

(ലത്തീൻ കത്തോലിക്ക സമുദായത്തിലുള്ള ഉദ്യോഗാർ ത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** : 21–49, ഉദ്യോഗാർത്ഥികൾ 02.01.1965 നും 01.01.1993 നും ഇടയിൽ ജനിച്ചവരായിരിക്കണം(രണ്ടു തീയതികളും ഉൾപ്പെടെ). [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i)–ലെ ആനുകൂല്യം ഉൾപ്പെടെ]

**7. യോഗ്യതകൾ:** സീനിയർ ലക്ചറർ

(i) ബന്ധപ്പെട്ട വിഷയത്തിൽ ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും നേടിയിട്ടുള്ള ബിരുദാനന്തര ബിരുദം (എം.ഡി/എം.എസ്/ ഡി.എൻ.ബി)

(ii) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ

മേൽപ്പറഞ്ഞ യോഗ്യതയുള്ളവരുടെ അഭാവത്തിൽ

(i) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.ബി.ബി.എസ് ബിരുദം

(ii) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻ കൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ – എന്നീ യോഗ്യതയുള്ള ഉദ്യോഗാർത്ഥിക ളെ ലക്ചറർ തസ്തികയിലേക്ക് (യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച് ശമ്പളം) പരിഗണിക്കുന്നതാണ്.

**കുറിപ്പ്** : 1. കെ. എസ് & എസ്.എസ്.ആർ രണ്ടാം ഭാഗത്തിലെ റൂൾ 10 (a) (ii) ബാധകമാണ്.

2. മേൽ യോഗ്യതകൾ അപേക്ഷ സ്വീകരിക്കുന്ന അവ സാന തീയതിയിലോ അതിന് മുൻപോ നേടിയതായി രിക്കണം.

3. ഒരു മെഡിക്കൽ കൗൺസിലിൻേറയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.

4. ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലനകാലമുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈ നിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞ വർക്ക് ബാധകമല്ല.

5. ഡി.എൻ.ബി. യോഗ്യത കേരളത്തിലെ ഏതെങ്കിലും സർവകലാശാലകൾ അംഗീകരിച്ചിട്ടുള്ള മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.

## കാറ്റഗറി നമ്പർ 722/2014 – 723/2014
## സീനിയർ ലക്ചറർ/ ലക്ചറർ ഇൻ ജനറൽ മെഡിസിൻ
## മെഡിക്കൽ വിദ്യാഭ്യാസം
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

1 **വകുപ്പ്** : **മെഡിക്കൽ വിദ്യാഭ്യാസം**
2 **ഉദ്യോഗപ്പേര്** : സീനിയർ ലക്ചറർ/ ലക്ചറർ (താഴെപ്പറയുന്ന വിഷയങ്ങളിൽ)

| **കാറ്റഗറിനം. സമുദായം/ ഒഴിവുകളുടെ എണ്ണം** | **വിഷയം തസ്തിക** | **യോഗ്യത സീനിയർ ലക്ചറർ** |
|---|---|---|
| 722/2014 വിശ്വകർമ്മ –1 | ന്യൂറോ സർജറി | i എം.സി.എച്ച്. (ന്യൂറോ സർജറി)/ ഡി.എൻ.ബി. (ന്യൂറോ സർജറി) **മേൽപ്പറഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ** എം.എസ്. (ജനറൽ സർജറി) ii സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ. |
| 723/2014 പട്ടിക വർഗ്ഗം–1 | പീഡിയാട്രിക് സർജറി | i എം.സി.എച്ച്./ ഡി.എൻ.ബി. (പീഡിയാട്രിക് സർജറി) **മേൽപ്പറഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ** എം.എസ്. (ജനറൽ സർജറി) ii സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ. |

**<u>കുറിപ്പ്</u>** *ഡി.എൻ.ബി.യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.*

**മേൽപ്പറഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഇനി പറയുന്ന യോഗ്യതയുള്ളവരെ ബന്ധപ്പെട്ട വിഷയത്തിൽ ലക്ചറർ ആയി നിയമിക്കുന്നതിന് പരിഗണിക്കുന്നതാണ്.**

1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.ബി.ബി.എസ് ബിരുദം
2. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ

മേൽപ്പറഞ്ഞ യോഗ്യതയുള്ളവർ ഓരോ വിഷയത്തിലുമുള്ള ലക്ചറർ തസ്തി കയിലേക്കും വെവ്വേറെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

**<u>കുറിപ്പ്</u>**

1. സീനിയർ ലക്ചറർ/ലക്ചറർ തസ്തികകൾക്കുള്ള മേൽപ്പറഞ്ഞ യോഗ്യതകൾ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയിലോ അതിന് മുൻപോ നേടിയതായിരിക്കണം.
2. ഒരു മെഡിക്കൽ കൗൺസിലിൻേറയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.
3. ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിലെ സ്ഥിരം രജിസ്ട്രേഷൻ ഉൾപ്പെടെ തങ്ങൾക്കുള്ള എല്ലാ യോഗ്യതാ പത്രങ്ങളുടെയും വിവരങ്ങൾ സ്വന്തം പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ഉദ്യോഗാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.
4. ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലനകാല മുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠി ക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്ക് ബാധകമല്ല.
5. കെ.എസ്. & എസ്.എസ്.ആർ പാർട്ട് I റൂൾ 10 (a)ii ബാധകമാണ്.

മുകളിൽ 5–ാം കോളത്തിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക്ലിസ്റ്റ് ഈ തസ്തികകളിലേയ്ക്ക് യഥാക്രമം താഴെപ്പറയുന്ന തീയതികളിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റുകളുടെ കാലയളവിൽ ബന്ധപ്പെട്ട സമുദായങ്ങളിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവുകളിലേക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേയ്ക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| **ക്രമ നമ്പർ** | **മാതൃ റാങ്കുപട്ടിക പ്രസിദ്ധപ്പെടുത്തിയ തീയതി** | **കാറ്റഗറി നമ്പർ** |
|---|---|---|
| 1 | 19.12.2009 | 256/2009 |
| 2 | 04.02.2009 | 168/2005 |

ഒന്നാം എൻ.സി.എ റാങ്ക് ലിസ്റ്റ് സീനിയർ ലക്ചറർ ഇൻ ന്യൂറോ സർജറി (വിശ്വകർമ്മ) തസ്തികയുടേത് 26.05.2011 (കാറ്റഗറി നമ്പർ.262/2010)ലും സീനിയർ ലക്ചറർ ഇൻ പീഡിയാട്രിക് സർജറി (പട്ടിക വർഗം) (കാറ്റഗറി നമ്പർ.266/2010) 19.05.2011-ലും പ്രസിദ്ധീകരിച്ചിരുന്നു. ടി റാങ്കു ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ എൻ.ജെ.ഡി. ആയതുകൊണ്ടുള്ള രണ്ടാം എൻ.സി.എ. വിജ്ഞാപനമാണിത്.

3. **ശമ്പളം** :– സീനിയർ ലക്ചറർ/ലക്ചറർ: യു.ജി.സി. മാനദണ്ഡ ങ്ങൾക്കനുസരിച്ച്

4. **നിയമന രീതി**:– നേരിട്ടുള്ള നിയമനം

(മുകളിൽ 2-ാം ഖണ്ഡികയിൽ കാണിച്ചിട്ടുള്ള സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം) മുകളിൽ കാണിച്ചിട്ടുള്ള സമുദായങ്ങളിൽ പ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അപേക്ഷകൾ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

5. **പ്രായപരിധി**: **<u>പട്ടിക വർഗ സമൂദായങ്ങൾക്ക്</u>**:–21 –50, ഉദ്യോഗാർത്ഥികൾ 02.01.1964നും 01.01.1993 നും ഇടയിൽ ജനിച്ചവരായിരിക്കണം(രണ്ടു തീയതികളും ഉൾപ്പെടെ).

**<u>വിശ്വകർമ്മ സമൂദായത്തിന്</u>**:– 21–49, ഉദ്യോഗാർത്ഥികൾ 02.01.1965നും 01.01.1993നും ഇടയിൽ ജനിച്ചവരായിരി ക്കണം(രണ്ടു തീയതികളും ഉൾപ്പെടെ).

[പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i)–ലെ ആനുകൂല്യം ഉൾപ്പെടെ]

**<u>കുറിപ്പ്</u>**:– പ്രായപരിധി സംബന്ധിച്ച ഇതര വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2(i) ഒഴികെ)

## കാറ്റഗറി നമ്പർ 724/2014
## സീനിയർ ലക്ചറർ/ ലക്ചറർ ആർട്സ്, ഹിസ്റ്ററി ആന്റ് എയ്സ്തെറ്റിക്സ്
## സാങ്കേതിക വിദ്യാഭ്യാസം (കോളേജ് ഓഫ് ഫൈൻ ആർട്സ്)
## അഞ്ചാം എൻ.സി.എ. വിജ്ഞാപനം

1. **വകുപ്പ്** : സാങ്കേതിക വിദ്യാഭ്യാസം (കോളേജ് ഓഫ് ഫൈൻ ആർട്സ്)
2. **ഉദ്യോഗപ്പേര്** : ലക്ചറർ ആർട്സ്, ഹിസ്റ്ററി ആന്റ് എയ്സ്തെറ്റിക്സ്
3. **ശമ്പളം** : ₹ 20740 - 36140
4. **ഒഴിവുകളുടെ എണ്ണം**: പട്ടികജാതി 1 (ഒന്ന്)
5. **നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി സമുദായത്തിലുള്ള ഉദ്യോഗാര്ത്ഥി കളിൽ നിന്നു മാത്രം)
6. **പ്രായം** : 25–41 ഉദ്യോഗാർത്ഥികൾ 02/01/1973 നും 01/01/1989 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടുതീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് ഭാഗം 2, പൊതുവ്യവസ്ഥകൾ നോക്കുക.)
7. **യോഗ്യതകൾ:** ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും ഒന്നാം ക്ലാസ്സിലോ രണ്ടാം ക്ലാസ്സിലോ 55 ശതമാനത്തിൽ കുറയാത്ത മാർക്കോടുകൂടി ഹിസറ്ററി ഓഫ് ആർട്സിൽ നേടിയ മാസ്റ്റർ ബിരുദം.

കുറിപ്പ് : KS&SSR Part II Rule 10(a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ 725/2014
## ഫോട്ടോഗ്രാഫർ
## പോലീസ്
## ഒന്നാം എൻ. സി. എ. വിജ്ഞാപനം

1. **വകുപ്പ്** : പോലീസ്
2. **ഉദ്യോഗപ്പേര്** : ഫോട്ടോഗ്രാഫർ
3. **ശമ്പളം** : ₹ 16980–31360/–
4. **ഒഴിവുകളുടെ എണ്ണം** : ലത്തീൻ കത്തോലിക്ക / ആംഗ്ലോ ഇന്ത്യൻ 1 (ഒന്ന്)
5. **നിയമനരീതി** : നേരിട്ടുള്ള നിയമനം (എൽ.സി./എ.ഐ. സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)
6. **പ്രായം :** (20–39) 02/01/1975 നും 01/01/1994 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടുതീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ). [വയസ്സിളവിനെ സംബന്ധിച്ച വിവരങ്ങൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ]
7. **യോഗ്യതകൾ:** 1. ഫോട്ടോഗ്രഫി ഒരു പാഠ്യ വിഷയമായി ഫൈൻ ആർട്സിൽ ഉള്ള ഡിഗ്രി അല്ലെങ്കിൽ ഡിപ്ലോമ.
2. ഫോട്ടോഗ്രഫിയിലുള്ള പ്രാവീണ്യം ഒരു പ്രായോഗിക പരീക്ഷയിലൂടെ തെളിയിക്കേണ്ടതാണ്.

കുറിപ്പ് : ഉദ്യോഗാർത്ഥികൾക്ക് കണ്ണട വച്ചോ വയ്ക്കാതെയോ താഴെപ്പറയുന്ന പ്രകാരമുള്ള കാഴ്ചശക്തിയുള്ളതായി ഒരു അസിസ്റ്റന്റ് സർജനിൽ നിന്നോ അതിലും ഉയർന്ന റാങ്കിലുള്ള ഒരു മെഡിക്കൽ ഓഫീസറിൽ നിന്നോ ചുവടെ ചേർത്തിട്ടുള്ള മാതൃകയിൽ ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് കമ്മീഷൻ നിർദ്ദേശിക്കുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

| | വലതു കണ്ണ് | ഇടതു കണ്ണ് |
|---|---|---|
| ദൂരക്കാഴ്ച | 6/6 (സ്നെല്ലൻ) | 6/6 (സ്നെല്ലൻ) |
| സമീപക്കാഴ്ച | 0.5 (സ്നെല്ലൻ) | 0.5 (സ്നെല്ലൻ) |

കുറിപ്പ് : ഓരോ കണ്ണിനും പൂർണ്ണമായ വീക്ഷണപരിധി (Field of Vision) ഉണ്ടായിരിക്കണം. വർണ്ണാന്ധത (Colour Blindness) ഒരു അയോഗ്യതയായി കണക്കാക്കപ്പെടും.

**മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃക എന്നിവയ്ക്ക് അനുബന്ധം IA കാണുക.**

## കാറ്റഗറി നമ്പർ: 726/2014
## ജൂനിയർ ഇൻസ്ട്രക്ടർ (ഇലക്ട്രീഷ്യൻ)
## വ്യാവസായിക പരിശീലനം
### ഒന്നാം എൻ.സി.എ വിജ്ഞാപനം

1. **വകുപ്പ്** : വ്യാവസായിക പരിശീലനം
2. **ഉദ്യോഗപ്പേര്** : ജൂനിയർ ഇൻസ്ട്രക്ടർ(ഇലക്ട്രീഷ്യൻ)
3. **ശമ്പളം** : ₹ 13900–24040
4. **ഒഴിവുകളുടെ എണ്ണം**: ലാറ്റിൻ കാത്തലിക്/ആംഗ്ലോ ഇന്ത്യൻ 1 (ഒരു ഒഴിവ്)
5. **നിയമന രീതി** : നേരിട്ടുള്ള നിയമനം (എൽ.സി./എ.ഐ സമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)
6. **പ്രായം** : 19–47. ഉദ്യോഗാർത്ഥികൾ 02.01.1967 നും 01.01.1995നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പൊതു വ്യവസ്ഥയിലെ 2(i) ലെ വയസ്സിളവ് സഹിതം.) [വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ]
7. **യോഗ്യതകൾ:** എസ്.എസ്.എൽ.സി അഥവാ തത്തുല്യമായ യോഗ്യത.

ഉചിതമായ ട്രേഡിൽ ഉള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം പ്രസ്തുത ട്രേഡിലുള്ള മൂന്നു വർഷത്തെ പരിചയവും.

**അല്ലെങ്കിൽ**

ഉചിതമായ ട്രേഡിൽ ഉള്ള നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റും, സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം പ്രസ്തുത ട്രേഡിൽ ഒരു വർഷത്തെ പരിചയവും.

**അല്ലെങ്കിൽ**

ഗവൺമെന്റ് അഥവാ ഗവണ്മെന്റ് അംഗീകൃത പോളിടെക്നിക്കിൽ നിന്നും ഉചിതമായ എഞ്ചിനീയറിംഗ് ശാഖയിൽ നേടിയ ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ്:** (i) KS & SSR Part II, Rule 10 (a) (ii) ബാധകമായിരിക്കും.
(ii) ഉചിതമായ ട്രേഡിൽ വർക്ക്ഷോപ്പ് അറ്റൻഡറായുള്ള പരിചയം പ്രസ്തുത ട്രേഡിൽ ഉള്ള പരിചയമായി കണക്കാക്കുന്നതാണ്.
(iii) പരിചയ സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന മാതൃകയിൽ വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്.

**പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് അനുബന്ധം VIII കാണുക.**

## കാറ്റഗറി നമ്പർ: 727/2014
## ജൂനിയർ ഇൻസ്ട്രക്ടർ (പെയിൻറർ ജനറൽ)
## വ്യാവസായിക പരിശീലനം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

1 **വകുപ്പ്** : വ്യാവസായിക പരിശീലനം
2 **ഉദ്യോഗപ്പേര്** : ജൂനിയർ ഇൻസ്ട്രക്ടർ (പെയിന്റർ ജനറൽ)
3 **ശമ്പളം** : ₹ 13900 –24040/
4 **ഒഴിവുകളുടെ എണ്ണം** : എൽ.സി/എ.ഐ 1 (ഒരു ഒഴിവ്)
5 **നിയമന രീതി** : നേരിട്ടുള്ള നിയമനം
(എൽ.സി/എ.ഐ സമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

6 പ്രായം : 19 – 47. ഉദ്യോഗാർത്ഥികൾ 02.01.1967 നും 01.01.1995 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പൊതു വ്യവസ്ഥയിലെ 2(i) ലെ വയസ്സിളവ് സഹിതം.) [വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ]

7 യോഗ്യതകൾ : 1 എസ്.എസ്.എൽ.സി. അഥവാ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

2 (എ) അനുയോജ്യമായ ട്രേഡിൽ ഉള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം പ്രസ്തുത ട്രേഡിലുള്ള മൂന്നുവർഷത്തെ പരിചയവും.

അല്ലെങ്കിൽ

(ബി) അനുയോജ്യമായ ട്രേഡിൽ ഉള്ള നാഷണൽ അപ്രൻറിസ്ഷിപ്പ് സർട്ടിഫിക്കറ്റും, സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം

പ്രസ്തുത ട്രേഡിൽ ഒരു വർഷത്തെ പരിചയവും.
അല്ലെങ്കിൽ
(സി) ഗവണ്മെൻറ് അഥവാ ഗവണ്മെൻറ് അംഗീകൃത പോളിടെക്നിക്കിൽ നിന്നും അനുയോജ്യമായ എൻജിനീയറിംങ് ശാഖയിൽ നേടിയ ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യത
കുറിപ്പ്:– (i) KS & SSR Part II, Rule 10 (a) (ii) ബാധകമാണ്.
(ii) അനുയോജ്യമായട്രേഡിൽ വർക്ക്ഷോപ്പ് അറ്റൻഡറായുള്ള പരിചയം പ്രസ്തുത ട്രേഡിൽ ഉള്ള പരിചയമായി കണക്കാക്കുന്നതാണ്.
(i) പരിചയ സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന മാതൃകയിൽ വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്.
**പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് അനുബന്ധം VIII കാണുക.**

## കാറ്റഗറി നമ്പർ: 728/2014
## ഡ്രില്ലർ
## മൈനിംഗ് ആന്റ് ജിയോളജി
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : മൈനിംഗ് ആന്റ് ജിയോളജി
**2. ഉദ്യോഗപ്പേര്** : ഡ്രില്ലർ
**3. ശമ്പളം** : ₹ 13210–22360/–
**4. ഒഴിവുകളുടെ എണ്ണം** : ഈഴവ / തീയ്യ / ബില്ലവ 1 (ഒന്ന്)
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (ഈഴവ/ തീയ്യ/ബില്ലവ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം)
**6. പ്രായം** : 18 – 39 ഉദ്യോഗാർത്ഥികൾ 02.01.1975 നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)
[പൊതു വ്യവസ്ഥകൾ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ. വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക, ഖണ്ഡിക 2(i) ഒഴികെ]
**7. യോഗ്യതകൾ** : 1. എസ്.എസ്.എൽ.സി കോഴ്സ് പൂർത്തിയാക്കിയിരിക്കണം.
2. അഞ്ചുവർഷത്തിൽ കുറയാത്ത കാലാവധിയിൽ 2000 മീറ്ററിൽ കുറയാതെ വിവിധതരം ഡയമണ്ട് കോർ ഡ്രില്ലിംഗ് മെഷീനുകൾ ഉപയോഗിച്ച് വിവിധതരം ഭൂശിലാഘടനകളിൽ ഡ്രില്ലിംഗ് നടത്തിയിട്ടുള്ള പരിചയം.
3. വിവിധതരം ഡയമണ്ട് കോർ ഡ്രില്ലിംഗ് മെഷീനുകളും പമ്പുകളും മെയിന്റനൻസ് നടത്തുവാനുള്ള പരിജ്ഞാനവും, ഡ്രിൽ ബോർ ഹോൾ ലോഗുകളും ബിറ്റ് ഹിസ്റ്ററിയും രേഖപ്പെടുത്തുന്നതിനുള്ള പരിജ്ഞാനവും ഉണ്ടായിരിക്കണം.
**കുറിപ്പ് :** 1. ഉദ്യോഗാർത്ഥികൾക്ക് ഡ്രില്ലിംഗിലുള്ള പ്രാവീണ്യം തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ പരിശോധിക്കുന്നതാണ്.
2.കേന്ദ്ര/സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള ജിയോളജി ഡിപ്പാർട്ടുമെന്റിൽ നിന്നോ അല്ലെങ്കിൽ താഴെപ്പറയുന്ന സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ ലഭിച്ച പരിചയ സർട്ടിഫിക്കറ്റു മാത്രമേ സ്വീകരിക്കുകയുള്ളു.
(1) ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ
(2) ഇൻഡ്യൻ ബ്യൂറോ ഓഫ് മൈൻസ്
(3) മിനറൽ എക്സ്പ്ലൊറേഷൻ കോർപ്പറേഷൻ
(4) നാഷണൽ കോഓപ്പറേറ്റീവ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ
(5) ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ്.
(6) സിമന്റ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ
കുറിപ്പ് : KS & SSR Part II, Rule 10(a)(ii) ബാധകമായിരിക്കും.
ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.
**പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് അനുബന്ധം VIII കാണുക.**
**കുറിപ്പ്** : പരിചയസർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുന്നതുമാണ്.

## കാറ്റഗറി നമ്പർ: 729/2014
## ഇൻവെസ്റ്റിഗേറ്റർ (ആന്ത്രോപോളജി/ സോഷ്യോളജി)
## കിർടാഡ്സ് (കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠന കേന്ദ്രം)
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : കിർടാഡ്സ് (കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠന കേന്ദ്രം)
**2. ഉദ്യോഗപ്പേര്** : ഇൻവെസ്റ്റിഗേറ്റർ (ആന്ത്രോപോളജി/ സോഷ്യോളജി)
**3. ശമ്പളം** : ₹ 11620–20240/–
**4. ഒഴിവുകളുടെ എണ്ണം** : ഒ ബി സി 1 (ഒന്ന്)
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (ഒ ബി സി സംവരണ വിഭാഗം ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)
**6. പ്രായം** : 18–39 ഉദ്യോഗാർത്ഥികൾ 02.01.1975 നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i)ലെ ആനുകൂല്യം ഉൾപ്പെടെ)
വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക, ഖണ്ഡിക2(i) ഒഴികെ
**7. യോഗ്യതകൾ** : ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുംറഗുലർ പഠനത്തിലൂടെ ആന്ത്രോപോളജിയിലോ സോഷ്യോളജിയിലോ നേടിയ ഒന്നാം ക്ളാസ് അല്ലെങ്കിൽ രണ്ടാം ക്ളാസ് മാസ്റ്റേഴ്സ് ബിരുദം.
**കുറിപ്പ്:** KS&SSR Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ 730/2014 – 733/2014
## കെയർടേക്കർ (വനിത)
## സാമൂഹ്യ നീതി
## ഒന്നാം എൻ. സി. എ. വിജ്ഞാപനം

**1. വകുപ്പ്** : സാമൂഹ്യ നീതി
**2. ഉദ്യോഗപ്പേര്** : കെയർടേക്കർ (വനിത)
**3. ശമ്പളം** : ₹ 10,480 – 18,300/
**4. ഒഴിവുകളുടെ എണ്ണം** :

| | |
|---|---|
| 730/2014 | എസ് സി 1 (ഒന്ന്) |
| 731/2014 | ധീവര 1 (ഒന്ന്) |
| 732/2014 | മറ്റ്ക്രിസ്ത്യാനികൾ (ഒ.എക്സ്) 1 (ഒന്ന്) |
| 733/2014 | പട്ടികവർഗ്ഗം 1 (ഒന്ന്) |

**5. നിയമനരീതി:** നേരിട്ടുള്ള നിയമനം (മുകളിൽ കാണിച്ചിട്ടുള്ള സമുദായത്തിൽപ്പെട്ട വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)
**6. പ്രായം :** (കാറ്റഗറി നം. 730/2014 & 733/2014) : 18–41 ഉദ്യോഗാർത്ഥികൾ 02/01/1973 നും 01/01/1996 നും ഇടയിൽ ജനിച്ചവരായിരിക്കണം.
(കാറ്റഗറി നം. 731/2014 & 732/2014) : 18–39. ഉദ്യോഗാർത്ഥികൾ 02/01/1975 നും 01/01/1996 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടുതീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ)
**7.യോഗ്യതകൾ:** 3. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും പ്രീഡിഗ്രി പരീക്ഷ പാസ്സായിരിക്കണം.
4. സർക്കാർ അധീനതയിലുള്ള ഏതെങ്കിലും അംഗീകൃത ജുവനൈൽ ഇൻസ്റ്റിറ്റ്യൂഷനിൽ നിന്നോ കൺട്രോൾ ബോർഡിന്റെയോ സാമൂഹ്യ ക്ഷേമ ഡയറക്ടറുടെയോ സർക്കാരിന്റേയോ അംഗീകൃത അനാഥാലയങ്ങൾ പോലെയുള്ള ശിശുഭവനുകളിൽ നിന്നോ കെയർ ടേക്കർ തസ്തികയിൽ നേടിയിട്ടുള്ള ഒരു വർഷത്തെ തൊഴിൽ പരിചയം.
കുറിപ്പ് :
1. KS&SSR Part II Rule 10(a)(ii) ബാധകമാണ്.
2. ഈ തസ്തികയ്ക്ക് വനിതാ ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷിക്കുവാൻ അർഹതയുള്ളു.
3. അപേക്ഷയിൽ പരിചയം രേഖപ്പെടുത്തേണ്ട കോളത്തിൽ ജോലിചെയ്തിരുന്ന സ്ഥാപനത്തിന്റെ പേരും ജോലിയുടെ കാലയളവും രേഖപ്പെടുത്തേണ്ടതാണ്.
4. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന പരിചയ സർട്ടിഫിക്കറ്റുകൾ കേന്ദ്ര/സംസ്ഥാന സർക്കാരിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനെക്കൊണ്ട് (ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ ക്ഷേമ ആഫീസർമാരെക്കൊണ്ട്) സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃക**

(സർക്കാർ അധീനതയിലുള്ള ഏതെങ്കിലും അംഗീകൃത ജുവനൈൽ ഇൻസ്റ്റിറ്റ്യൂഷൻ, കൺട്രോൾ ബോർഡിന്റെയോ സാമൂഹ്യ ക്ഷേമ ഡയറക്ടറുടെയോ സർക്കാരിന്റേയോ അംഗീകാരമുള്ള അനാഥാലയങ്ങൾ പോലെയുള്ള ശിശുഭവനുകളിൽ നിന്നോ ഉള്ള പരിചയ സർട്ടിഫിക്കറ്റ്). സാക്ഷ്യപത്രം നൽകേണ്ടത് ജില്ലാ സാമൂഹ്യനീതി ഓഫീസറാണ്.
**പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് അനുബന്ധം VIII കാണുക.**

## കാറ്റഗറി നമ്പർ: 734/2014 – 735/2014
## റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ് II
## മെഡിക്കൽ വിദ്യാഭ്യാസം
### രണ്ടാം എൻ.സി.എ വിജ്ഞാപനം

**1 വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ്–II (പ്രോസ്തെറ്റിക്സ്)
**3 ശമ്പളം** : ₹ 9940–16580
**4 ഒഴിവുകളുടെ എണ്ണം** :

| ക്രമ നം. | കാറ്റഗറി നം. | തസ്തികയുടെ പേര് | സമുദായം/ ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1. | 734/14 | റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ്.II (പ്രോസ്തെറ്റിക്സ്) | മുസ്ലീം/ മാപ്പിള–1(ഒന്ന്) |
| 2 | 735/14 | റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ്.II (പ്രോസ്തെറ്റിക്സ്) | ലത്തീൻ കത്തോലിക്കർ/ ആംഗ്ലോ ഇന്ത്യൻ–1 (ഒന്ന്) |

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം (മുസ്ലീം/മാപ്പിള, ലത്തീൻ കത്തോലിക്കർ/ ആംഗ്ലോ ഇന്ത്യൻ ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം)
**6 പ്രായം** :18–39 ഉദ്യോഗാർത്ഥികൾ 02/01/1975–നും 01/01/1996 നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i)–ലെ ആനുകൂല്യം ഉൾപ്പെടെ] (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)
**കുറിപ്പ്:** ഹാഫ് എ മില്യൻ ജോബ് പ്രോഗ്രാം അനുസരിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിനോട് അനുബന്ധിച്ചുള്ള ആർട്ടിഫിഷ്യൽ ലിംബ് സെൻററിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിയിട്ടുള്ളവർക്ക് ഉയർന്ന പ്രായപരിധിയിൽ അഞ്ച് വർഷത്തെ ഇളവ് അനുവദിക്കുന്നതാണ്.
**7. യോഗ്യതകൾ:**
1) എസ്.എസ്.എൽ.സി വിജയിച്ചിരിക്കണം.
2) റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച സ്ഥാപനങ്ങൾനടത്തുന്ന ഓർത്തോട്ടിക്സിലും പ്രോസ്തെറ്റിക്സിലും ഉള്ള സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കിയിരിക്കണം.

**അല്ലെങ്കിൽ**

റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച സ്ഥാപനങ്ങൾ നടത്തുന്ന ഓർത്തോട്ടിക്സിലും പ്രോസ്തെറ്റിക്സിലും ഉള്ള ബാച്ച്ലർ ഡിഗ്രി/ഡിപ്ലോമ കരസ്ഥമാക്കിയിരിക്കണം.
മുകളിൽ പറഞ്ഞ ഒന്നും രണ്ടും യോഗ്യതകളുടെ അഭാവത്തിൽ കാർപൻററി, ഷീറ്റ്മെറ്റൽ, ഫിറ്റർ എന്നീ ഐ.റ്റി.ഐ ട്രേഡുകൾ വിജയകരമായി പൂർത്തിയാക്കിയിരിക്കണം. നിയമന സമയത്ത് ഇവരെ ഒരു വർഷത്തേയ്ക്ക് ട്രെയിനികളായി കണക്കാക്കുകയും ഈ തസ്തികയുടെ ശമ്പളനിരക്കിലെ കുറഞ്ഞ ശമ്പളം നൽകുകയും ചെയ്യും.
**കുറിപ്പ്:–** KS & SSR പാർട്ട് II, റൂൾ 10 (a) ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 736/2014
## ഡ്രില്ലിംഗ് അസിസ്റ്റന്റ്
## മൈനിംഗ് ആന്റ് ജിയോളജി
## രണ്ടാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : മൈനിംഗ് ആന്റ് ജിയോളജി
**2. ഉദ്യോഗപ്പേര്** : ഡ്രില്ലിംഗ് അസിസ്റ്റന്റ്
**3. ശമ്പളം** : ₹ 9190 – 15780
**4. ഒഴിവുകളുടെ എണ്ണം** : മുസ്ലീം /മാപ്പിള 1 (ഒന്ന്)
**5. നിയമന രീതി:** നേരിട്ടുള്ള നിയമനം
**6. പ്രായം** : 18– 39. ഉദ്യോഗാർത്ഥികൾ 02.01.1975 നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ. വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകള്ക്ക്ആ പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക ഖണ്ഡിക 2 (i) ഒഴികെ]
**7. യോഗ്യതകൾ:** 1. ഏഴാം ക്ലാസ് (പുതിയത്) പാസ്സായിരിക്കണം. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത നേടിയിരിക്കണം.
2. കേന്ദ്ര/സംസ്ഥാന/പൊതുമേഖലാ സ്ഥാപനങ്ങൾ ഇവയുടെ കീഴിൽ ഡയമണ്ട് കോർ ഡ്രില്ലിംഗ് നടത്തുന്നതിൽ മസ്ദൂർ ആയോ ഹെൽപ്പർ ആയോ ഉള്ള രണ്ട് വർഷത്തെ പരിചയം. ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.
**പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് അനുബന്ധം VIII കാണുക.**

## കാറ്റഗറി നമ്പർ 737/2014 – 739/2014
## ഗാർഡ് ഗ്രേഡ് II (വിമുക്തഭടന്മാർ മാത്രം)
## കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
## രണ്ടാം എൻ.സി.എ വിജ്ഞാപനം

**1. സ്ഥാപനത്തിന്റെ പേര്** : കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
**2. ഉദ്യോഗപ്പേര്** : ഗാർഡ് ഗ്രേഡ് II (വിമുക്തഭടന്മാർ മാത്രം)
**3. ശമ്പളം** : ₹ 9190 – 14210/
**4. ഒഴിവുകളുടെ എണ്ണം** :

| | |
|---|---|
| 737/2014 | പട്ടികജാതി 32 (മുപ്പത്തി രണ്ട്) |
| 738/2014 | പട്ടികവർഗ്ഗം 21 (ഇരുപത്തിയൊന്ന്) |
| 739/2014 | മറ്റ് ക്രിസ്ത്യാനികൾ 13 (പതിമൂന്ന്) |

**5 നിയമനരീതി:** നേരിട്ടുള്ള നിയമനം (പട്ടികജാതി, പട്ടിക

വർഗ്ഗം, മറ്റ് ക്രിസ്ത്യാനികൾ എന്നീ സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം). എന്നാൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അപേക്ഷകരുടെ അഭാവത്തിൽ പട്ടികവർഗ്ഗക്കാരുടെ അപേക്ഷകളും തിരിച്ചും പരിഗണിക്കുന്നതാണ്)

**6. പ്രായം :** മറ്റു ക്രിസ്ത്യാനികൾ 18– 48.
ഉദ്യോഗാർത്ഥികൾ 02.01.1966നും 01.01.1996നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പ്രായപൂർത്തിയായതിനുശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും ഉയർന്ന പ്രായപരിധി അൻപത് (50) വയസ്സായിരിക്കും. (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i)ലെ ആനുകൂല്യം ഉൾപ്പെടെ)
പട്ടികജാതി/പട്ടികവർഗ്ഗം 18–50. ഉദ്യോഗാർത്ഥികൾ 02.01.1964നും 01.01.1996 നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i)ൽ പറയുന്ന ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്: അനുബന്ധം III കാണുക.**

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (ii), (iii), (iv),(vi) & (xii) നോക്കുക).

**7. യോഗ്യതകൾ** : i) ഏഴാം സ്റ്റാന്റഡാർഡോ തത്തുല്യമായ മറ്റേതെങ്കിലും പരീക്ഷയോ പസ്സായിരിക്കണം
ii) സായുധസേനയിൽ (കര, നാവിക അല്ലെങ്കിൽ വ്യോമസേന) മൂന്ന് വർഷത്തിൽ കുറയാതെയുള്ള സേവന പരിചയം ഉണ്ടായിരിക്കണം
iii) സൈക്ലിംഗ് സവാരി അറിഞ്ഞിരിക്കണം
ശാരീരിക അളവുകൾ :
a) ഉയരം : 168 സെ.മീ.
b) നെഞ്ചളവ് : (സാധാരണം) 81സെ. മീ.
(വികസിക്കുമ്പോൾ) 86 സെ. മീ.

**കുറിപ്പ്:** 1. അംഗവൈകല്യമുള്ളവർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.
2. കെ.എസ്.&എസ്.എസ്.ആർ പാർട്ട് II റൂൾ 10 (a) ശശ ബാധകമാണ്.

## കാറ്റഗറി നമ്പർ 740/2014
## കോൾക്കർ
## സംസ്ഥാന ജലഗതാഗതം
## ഒന്നാം എൻ.സി.എ വിജ്ഞാപനം

1. **വകുപ്പ്** : സംസ്ഥാന ജലഗതാഗതം
2. **ഉദ്യോഗപ്പേര്** : കോൾക്കർ
3. **ശമ്പളം** : ₹ 8960–14260/–
4. **ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്) (ലാറ്റിൻ കാത്തലിക്/ ആംഗ്ലോ ഇന്ത്യൻ)
5. **നിയമന രീതി** : നേരിട്ടുള്ള നിയമനം
6. **പ്രായം** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1975 നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക2(i) ലെ ആനുകൂല്യം ഉൾപ്പെടെ വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക]

7. **യോഗ്യതകൾ** : 1. ഏഴാം സ്റ്റാൻഡേർഡ് പാസ്സായിരിക്കണം. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.
2. ഒരു അംഗീകൃത ബോട്ട് ബിൽഡിംഗ് യാർഡിൽ കോൾക്കറായി മൂന്നുവർഷത്തെ പരിചയം.

**കുറിപ്പ്:** KS&SSR Part II Rule 10(a)(ii) ബാധകമാണ്.

**പരിചയ സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.**

**പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് അനുബന്ധം VIII കാണുക.**

**കുറിപ്പ്**:- പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതുമാണ്.

## കാറ്റഗറി നമ്പർ 741/2014 – 743/2014
## സെക്യൂരിറ്റി അസിസ്റ്റന്റ്
## കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ്
## ഒന്നാം എൻ.സി.എ വിജ്ഞാപനം

1. **സ്ഥാപനത്തിന്റെ പേര്** : കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ്
2. **ഉദ്യോഗപ്പേര്** : സെക്യൂരിറ്റി അസിസ്റ്റന്റ്
3. **ശമ്പളം** : ₹ 3780 – 6580 /–
4. **ഒഴിവുകളുടെ എണ്ണം** :

**741/2014** പട്ടികജാതി 2 (രണ്ട്)
**742/2014** ലത്തീൻ കത്തോലിക്ക/ആഗ്ലോ ഇന്ത്യൻ 1 (ഒന്ന്)
**743/2014** മുസ്ലീം 1 (ഒന്ന്)

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം
6. **പ്രായം** : പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 18–41. ഉദ്യോഗാർത്ഥികൾ 02.01.1973നും 01.01.1996നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)
ലത്തീൻ കത്തോലിക്ക/ആഗ്ലോ ഇന്ത്യൻ, മുസ്ലീം വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 1839 ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1996നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)
(പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ൽ പറയുന്ന ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്: അനുബന്ധം II കാണുക.**

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (ii), (iii), (iv),(vi) & (xii) നോക്കുക).

**7. യോഗ്യതകൾ** : 1) എസ്. എസ്. എൽ.സി
2) കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ എൻ.സി.ഒ ആയി
**കുറിപ്പ്:** 5 (അഞ്ച്) വർഷത്തെ പരിചയം
ആർട്ടിലറി/ഇൻഫൻട്രി എന്നീ വിഭാഗങ്ങളിൽ നിന്നും വിരമിച്ചവർക്ക് മുൻഗണന നൽകുന്നതായിരിക്കും
3) ഉയരം 5 അടി 6 ഇഞ്ച് (168 സെ.മീ.). നല്ല ശാരീരിക നില ഉണ്ടായിരിക്കണം
നെഞ്ചളവ് : സാധാരണം 81സെ. മീ., വികാസം 5 സെ.മീ.
കുറിപ്പ്: 1. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും.
(ഉയരം 160 സെ.മീ., നെഞ്ചളവ് : സാധാരണം 76സെ. മീ., വികാസം 5 സെ.മീ.)
2: കെ.എസ്.&എസ്.എസ്.ആർ പാർട്ട് –II റൂൾ 10 a ii ബാധകമാണ്.
ഫിസിക്കൽ ഫിറ്റ്നസിനെ സംബന്ധിച്ച് ഗവണ്മെന്റ് സർവ്വീസിലുള്ള അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

**മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ചുവടെ ചേർക്കുന്നു.**

**ഫിസിക്കൽ ഫിറ്റ്നസ് സംബന്ധിച്ചുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക.**

FORM OF MEDICAL CERTIFICATE REGARDING PHYSICAL FITNESS FOR THE POST OF SECUIRTY ASSISTANT IN KAMCO
(To be filled up by a Medical officer not below the rank of an Assistant Surgeon)
1. What is the applicant's apparent age?
2. Is the applicant to the best of your judgement, subject to epilespy, vertigo or any mental ailment likely to affect his efficiency?
3. Does the applicant suffer from any heart or lungs disorder which might interfere with the performance of his duties ?
4. Does the applicant suffer from any degree of deafness, which would prevent his hearing ? Is his hearing perfect?
5. Has the applicant any deformtiy or loss of finger which would interfere with the efficient performance of his duties?
6. State of Muscles and Joints (No paralysis and all joints with free movements)
7. State of Nervous System (Perfectly normal and free from any infectious diseases)
8. Does he show any evidence of being addicted to the extensive use of alcohol, tobacco or any intoxicants?
9. Marks of Identification:
1) ……………………………….
……………………………………
(2)
……………………………………………………………………
. He is Physically fit for the post of Securtiy Assistant
I certify to the best of my knowledge and belief that the applicant Shri. ……………………………is the person herein above described and that the attached photograph has a reasonably correct likeness.
(The signature of the Medical Officer shall be affixed on the photograph)
Passport size
Photograph of the candidate

Signature:
Name:
Designation & Official Address:

Place:
Date : ( Seal)

11. എ. പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ (v), (vii), (viii), (ix), (x), (xi) & (xiii) ഈ ഉപഖണ്ഡികകളും 5, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
ബി. മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.
സി. നിശ്ചിത യോഗ്യതയുള്ളവരും പ്രായപരിധിയ്ക്കുള്ളിലുള്ളവരുമായ പ്രശസ്ത കായികതാരങ്ങൾക്ക് കാംകോയിലെ സൂപ്പർവൈസറി തസ്തിക ഒഴികെയുള്ള നിയമനങ്ങൾക്ക് അർഹമായ അധിക മാർക്ക് നൽകുന്നതാണ്.

## കാറ്റഗറി നമ്പർ 744/2014 746/2014
## ഡ്രൈവർ (ലോറി, ജീപ്പ്, ട്രാക്ടർ)
## കേരള സിറാമിക്സ് ലിമിറ്റഡ് / പ്ലാന്റേഷൻ കോർപ്പേറേഷൻ ഓഫ് കേരള ലിമിറ്റഡ്
## ഒന്നാം എൻ.സി.എ വിജ്ഞാപനം

1. **സ്ഥാപനത്തിന്റെ പേര്** : കേരള സിറാമിക്സ് ലിമിറ്റഡ് /പ്ലാന്റേഷൻ കോർപ്പേറേഷന് ഓഫ് കേരള ലിമിറ്റഡ്
2. **ഉദ്യോഗപ്പേര്** : ഡ്രൈവർ (ലോറി, ജീപ്പ്, ട്രാക്ടർ)
3. **ശമ്പളം** : ₹ 3560 – 4860
4. **ഒഴിവുകളുടെ എണ്ണം** :

744/2014 പട്ടികജാതി 1,
745/2014 ലത്തീൻ കത്തോലിക്ക / ആംഗ്ലോ ഇൻഡ്യൻ 1
746/2014 മുസ്ലീം 1

**5. നിയമന രീതി** : പട്ടികജാതി, ലത്തീൻ കത്തോലിക്ക/ആംഗ്ലോ ഇൻഡ്യൻ, മുസ്ലീം സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രമുള്ള നേരിട്ടുള്ള നിയമനം. (പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളൂടെ അഭാവത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോർത്ഥികളുടെ അപേക്ഷകൾ സ്വീകരിക്കുന്നതാണ്).

**6. പ്രായം** : പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് : 18– 44 ഉദ്യോഗാർത്ഥികൾ 02.01.1970 നും 01.01.1996നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)
ലത്തീൻ കത്തോലിക്ക/ആംഗ്ലോ ഇൻഡ്യൻ, മുസ്ലീം: 18–42 ഉദ്യോഗാർത്ഥികൾ 02.01.1972 നും 01.01.996 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**കുറിപ്പ്: അനുബന്ധം III കാണുക.**

**7. യോഗ്യതകൾ:** i) എഴുതുവാനും വായിക്കുവാനുമുള്ള അറിവ്
ii) നിലവിലുള്ള മോട്ടോർ ഡ്രൈവിംഗ് ലൈസൻസ് (എച്ച്.ഡി.വി)
iii) സാധാരണ കാഴ്ച നിലവാരം
കുറിപ്പ്: കെ.എസ്. ആന്റ് എസ്.എസ്.ആർ. പാർട്ട് II ലെ റൂൾ 10(a) ii ബാധകമാണ്

11. (a) പൊതുവ്യവസ്ഥകളിലെ 2ാം ഖണ്ഡികയിലെ v, vii, viii, ix, x, xi & xiii ഉപഖണ്ഡികകളും 5, 7 എന്നീ ഖണ്ഡികകളും മേല്പ്പിറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

## കാറ്റഗറി നമ്പർ: 747/2014
## സ്റ്റോർ കീപ്പർ
## കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
### ഒന്നാം എൻ.സി.എ വിജ്ഞാപനം

1. **സ്ഥാപനത്തിന്റെ പേര്** :കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
2. **ഉദ്യോഗപ്പേര്** : സ്റ്റോർ കീപ്പർ
3. **ശമ്പളം** : 3350–5275/ രൂപ (PR)
4. **ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്) (എൻ.സി.എ ലത്തീൻ കത്തോലിക്ക/ആഗ്ലോ ഇന്ത്യൻ)
5. **നിയമന രീതി** : ലത്തീൻ കത്തോലിക്ക/ആഗ്ലോ ഇന്ത്യൻ സമുദായത്തിലെ ഉദ്യോഗാർത്ഥികളിൽനിന്നു മാത്രമുള്ള നേരിട്ടുള്ള നിയമനം
6. **പ്രായം** : 18–39 ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1996 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതുവ്യവസ്ഥകളിലെ 2(i) ഖണ്ഡികയിലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്: അനുബന്ധം II കാണുക.**

(വയസ്സിളവിനെ സംബന്ധിച്ച് മറ്റു വ്യവസ്ഥകൾക്ക്പൊതുവ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ)

**കുറിപ്പ്:** കെ.എസ്. ആന്റ് എസ്. എസ്. ആർ. പാർട്ട് II വിലെ റൂള് 10(a) ii ബാധകമാണ്

7. **യോഗ്യതകൾ** : (1) എസ്.എസ്.എൽ.സി
2. സ്റ്റോർ കീപ്പിംഗ് മേഖലയിലെ ഒരു വർഷത്തെ പരിചയം

**കുറിപ്പ്:** (1) അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനുശേഷമുള്ള പ്രവൃത്തി പരിചയം മാത്രമേ പരിഗണിക്കുകയുള്ളു.

**പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് അനുബന്ധം VIII കാണുക.**

11. (എ) പൊതുവ്യവസ്ഥകളിലെ 2ാം ഖണ്ഡികയിലെ, v,vii,viii, ix, x, xi, & xiii ഈ ഉപഖണ്ഡികകളും 5 ,6,7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

## കാറ്റഗറി നമ്പർ 748/2014
## പെയിന്റർ ഗ്രേഡ് II
## കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. സ്ഥാപനത്തിന്റെ പേര്** : കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
**2. ഉദ്യോഗപ്പേര്** : പെയിന്റർ ഗ്രേഡ് II
**3. ശമ്പളം** : ₹ 3050 6075/ (പി. ആർ.)
**4. ഒഴിവുകളുടെ എണ്ണം** : ഹിന്ദു നാടാർ 1
**5. നിയമന രീതി** : ഹിന്ദു നാടാർ സമുദായത്തിലെ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രമുള്ള നേരിട്ടുള്ള നിയമനം
**6. പ്രായപരിധി** : 18–39 ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1996 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതുവ്യവസ്ഥകളിലെ 2(i) ഖണ്ഡികയിലെ ആനുകൂല്യം ഉൾപ്പെടെ)
കുറിപ്പ്: **അനുബന്ധം III കാണുക.**
**7. യോഗ്യതകൾ :** (1) മലയാളമോ, തമിഴോ, കന്നടയോ എഴുതുവാനും വായിക്കുവാനും അറിഞ്ഞിരിക്കണം
(2) അക്ഷരങ്ങൾ പെയിന്റ് ചെയ്യാനും പെയിന്റുകൾ യഥോചിതം മിശ്രണം ചെയ്യാനും അറിഞ്ഞിരിക്കണം.
**പരിചയം :** പെയിന്റിംഗിൽ അഞ്ച് (05) വർഷത്തിൽ കുറയാത്ത പരിചയം ഉണ്ടായിരിക്കണം.
**കുറിപ്പ്:** 1. കെ.എസ്.&എസ്.എസ്.ആർ പാർട്ട് -II റൂൾ 10 മ ii ബാധകമാണ്.
2. ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് അപേക്ഷയോടൊപ്പം ഹാജരാക്കുന്ന സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.
**പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് അനുബന്ധം VIII കാണുക.**

## കാറ്റഗറി നമ്പർ 749/2014
## പ്യൂൺ /വാച്ച്മാൻ
## കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
## രണ്ടാം എൻ.സി.എ വിജ്ഞാപനം

**1. സ്ഥാപനത്തിന്റെ പേര്** : കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
**2. ഉദ്യോഗപ്പേര്** : പ്യൂൺ /വാച്ച്മാൻ
**3. ശമ്പളം** : ₹ 2900– 4655 / (PR)
**4. ഒഴിവുകളുടെ എണ്ണം** : മുസ്ലീം 3 (മൂന്ന്)
**5 നിയമനരീതി :** നേരിട്ടുള്ള നിയമനം (മുസ്ലീം സമുദായത്തിൽപ്പെട്ടവർക്കു മാത്രം) മുസ്ലീം സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പി ക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.)
**6 പ്രായം :** 18–39 ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1996നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ)
**കുറിപ്പ്: അനുബന്ധം III കാണുക.**
(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (vi), (vii) & (xii) നോക്കുക.
**7 യോഗ്യതകൾ :** 6–ാം സ്റ്റാൻഡേർഡ് (പുതിയത്) ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത
**അഭിലഷണീയം :** പ്രതിരോധ സേനയിൽ മൂന്നു വർഷത്തെ പരിചയം
**കുറിപ്പ്** : KS & SSR Part II Rule 10(a)ii ബാധകമാണ്.

## കാറ്റഗറി നമ്പർ 750/2014 – 751/2014
## ഡ്രൈവർ ഗ്രേഡ് 2/ഡ്രൈവർ (എൽ.ഡി.വി)
## സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ/അതോറിറ്റികൾ/ സൊസൈറ്റികൾ
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1.സ്ഥാപനത്തിന്റെ പേര്** : സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ/ കോർപ്പറേഷനുകൾ/ബോർഡുകൾ/അതോറിറ്റികൾ/ സൊസൈറ്റികൾ
**2. ഉദ്യോഗപ്പേര്** : ഡ്രൈവർ ഗ്രേഡ് 2/ഡ്രൈവർ (എൽ.ഡി.വി)
**3. ശമ്പളം** : ഈ തസ്തികയ്ക്ക് അതാതു സ്ഥാപനം നിശ്ചയിച്ചിട്ടുള്ള ശമ്പള നിരക്ക്
**4. ഒഴിവുകളുടെ എണ്ണം** :

| | | |
|---|---|---|
| 750/2014 | ഹിന്ദു നാടാർ | 1 (ഒന്ന്) |
| 751/2014 | SIUC നാടാർ | 1 (ഒന്ന്) |

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 07.11.2012 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേക്കും പ്രസ്തുത സംവരണ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.
**5. നിയമന രീതി:** നേരിട്ടുള്ള നിയമനം. (ഹിന്ദു നാടാർ, SIUC നാടാർ എന്നീ വിഭാഗത്തിൽ നിന്ന് മാത്രം)
**കുറിപ്പ്:** മുകളിൽ പറഞ്ഞ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.
**6. പ്രായം** : 18–39. ഉദ്യോഗാർത്ഥികൾ 01.01.1996നും 02.01.1975നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)
വിവിധ തസ്തികയിലേക്കുള്ള നിയമനം കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയിൽ വിട്ടിട്ടുള്ള സ്ഥാപനങ്ങളിൽ താൽക്കാലികമായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ നിയമന കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.
**കുറിപ്പ്: അനുബന്ധം III കാണുക.**
കേരള ഫിഷറീസ് കോർപ്പറേഷനിൽ നിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് 31.12.1984ലെ ജി.ഒ.(ആർ.റ്റി)1942/84/പി.ഡബ്ല്യൂ ഉത്തരവ് പ്രകാരം ടി കോർപ്പറേഷനിലുള്ള സർവ്വീസിന്റെ ദൈർഘ്യത്തോളം വയസ്സിളവിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി അൻപത് വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു. ഒരേ മാർക്ക് ലഭിക്കുന്ന ഉദ്യോഗാർത്ഥികളിൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന ലഭിക്കുന്നതാണ്. ടി ആനുകൂല്യം ലഭിക്കേണ്ട ഉദ്യോഗാർത്ഥികൾ തങ്ങളുടെ സർവ്വീസിന്റെ ദൈർഘ്യം പിരിച്ചുവിടപ്പെട്ട തീയതി ഇവ തെളിയിക്കുന്നതിനും കേരള ഫിഷറീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.
**7. യോഗ്യതകൾ :**
1 മലയാളം, തമിഴ്, കന്നട ഇവയിലേതെങ്കിലും ഭാഷ എഴുതാനും വായിക്കാനും അറിഞ്ഞിരിക്കണം. 8, 9, 10 ക്ലാസ്സുകൾ ജയിച്ചിട്ടുള്ളവരെ മാത്രം പ്രസ്തുത യോഗ്യത നിഷ്കർഷിക്കുന സ്ഥാപനത്തിലേക്ക് പരിഗണിക്കുന്നതാണ്.
2 ലൈറ്റ് ഡ്യൂട്ടിവാഹനങ്ങൾ ഓടിക്കുവാൻ നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും.
3 ലൈസൻസ് എടുത്തിട്ട് മൂന്നു വർഷം തികഞ്ഞിരിക്കണം
4 മോട്ടോർ വെഹിക്കിൾസ് ആക്റ്റ് ആന്റ് റൂൾസിൽ പറയുന്ന പ്രകാരമുള്ള താഴെപ്പറയുന്ന സാധാരണ കാഴ്ച ശക്തിയും മെഡിക്കൽ ഫിറ്റ്നസും ഉണ്ടായിരിക്കണം.
5 മെഡിക്കൽ ഫിറ്റ്നസ് :
എ) **ചെവി :** പരിപൂർണ്ണമായ ശ്രവണ ശക്തി ഉണ്ടായിരിക്കണം
ബി) **കണ്ണ് :** ദൂരക്കാഴ്ച : വലത് കണ്ണിനും ഇടതു കണ്ണിനും 6/6 സ്നെല്ലൻ
സമീപക്കാഴ്ച : വലത് കണ്ണിനും ഇടതു കണ്ണിനും 0.5സ് നെല്ലൻ
കളർവിഷൻ: സാധാരണമായിരിക്കണം
നിശാന്ധത : ഇല്ലാതിരിക്കണം
കാഴ്ച മേഖല പൂർണ്ണമായിരിക്കണം
സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും അനായാസമായി ചലിപ്പിക്കാവുന്നവയായിരിക്കണം
ഡി) നാഡീഘടന : പൂർണ്ണമായും സാധാരന നിലയിലുള്ളതായിരിക്കണം. പകർച്ച വ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.
മേൽപ്പറഞ്ഞവ സംബന്ധിച്ച വിവരങ്ങൾ തെളിയിക്കുന്ന ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) നിശ്ചിത ഫാറത്തിൽ അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസറിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കണം.
കുറിപ്പ്: 1. വിലകലാംഗർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.
2 അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും, എഴുത്തുപരീക്ഷ, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ തുടങ്ങിയ എല്ലാ അവസരങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും (Current Driving Licence and Badge) ഉണ്ടായിരിക്കണം
3 ഉദ്യോഗാർത്ഥികളുടെ ഡ്രൈവിംഗിലുള്ള പ്രാഗൽഭ്യം കമ്മീഷൻ നടത്തുന്ന പ്രായോഗിക പരീക്ഷയിൽ തെളിയിക്കേണ്ടതാണ്.

**എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (ജില്ലാതലം)**

## കാറ്റഗറി നമ്പർ:752/2014 – 753/2014
## ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) തമിഴ് മാധ്യമം
## വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) തമിഴ് മാധ്യമം
**3. ശമ്പളം** : ₹ 15,380–25,900/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ പാലക്കാട്

| | | |
|---|---|---|
| 752/2014 | ഈഴവ/ബില്ലവ/തിയ്യ | 1 |
| 753/2014 | വിശ്വകർമ്മ | 1 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (ഈഴവ/ ബില്ലവ/തിയ്യ, വിശ്വകർമ്മ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)
**6. പ്രായം** : 18 – 43. ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ].
**കുറിപ്പ് :** വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2(i) ഒഴികെ).
**7. യോഗ്യതകൾ** : (എ) ബന്ധപ്പെട്ട വിഷയത്തിലുള്ള ബിരുദവും ബന്ധപ്പെട്ട വിഷയത്തിൽതന്നെ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബി.എഡ്/ബി.റ്റി ബിരുദവും ഉണ്ടായിരിക്കണം. (ബന്ധപ്പെട്ട വിഷയങ്ങൾ ഏതെല്ലാമെന്ന് താഴെ കുറിപ്പ് 3 ൽ നൽകിയിരിക്കുന്നത് നോക്കുക).
**കുറിപ്പ്** (1) ബന്ധപ്പെട്ട വിഷയങ്ങളിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് ബിരുദമുള്ളവർക്കും ബന്ധപ്പെട്ട വിഷയത്തിൽതന്നെ ബി.എഡ് /ബി.റ്റി ഇവയിലേതെങ്കിലും ഉണ്ടെങ്കിൽ ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്.
(2) നാഷണൽ കൗൺസിൽ ഫോർ റൂറൽ ഹയർ എഡ്യൂക്കേഷൻ നൽകുന്ന റൂറൽ സർവ്വീസിലുള്ള ഡിപ്ലോമ ഡിഗ്രിക്ക് തുല്യമായി ഈ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.
(3) അപേക്ഷകർ ഫിസിക്സ്, കെമിസ്ട്രി,ഹോംസയൻസ് ഇവയിലേതെങ്കിലും പ്രധാന ഐച്ഛികവിഷയമായി ബിരുദം എടുത്തവരായിരിക്കണം. ജിയോളജി ഐച്ഛിക വിഷയവും ഫിസിക്സ്, കെമിസ്ട്രി ഇവ ഉപഐച്ഛിക വിഷയങ്ങളായും ബിരുദം എടുത്തിട്ടുള്ളവർക്ക് ഫിസിക്കൽ സയൻസിൽ ബി.എഡ് ഉണ്ടെങ്കിൽ ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ് [2.7.1996 ലെ ജി.ഒ (എം.എസ്) നമ്പർ 195/96/ജി. എഡ്യൂ].
(4) ഈ തസ്തികയ്ക്ക് അപേക്ഷിക്കുന്നവർക്ക് തമിഴിൽ വേണ്ടത്ര പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതും അത് ഇന്റർവ്യൂ സമയത്ത് പരിശോധിക്കുന്നതുമാണ്. ഈ തസ്തികയ്ക്ക് എഴുത്ത് പരീക്ഷ/OMR പരീക്ഷയുണ്ടെങ്കിൽ ചോദ്യങ്ങൾ തമിഴിലായിരിക്കും. എഴുത്ത് പരീക്ഷയാണെങ്കിൽ ഉത്തരങ്ങളും തമിഴിൽ തന്നെ എഴുതേണ്ടതാണ്.
(5) പോസ്റ്റ് ടൈറ്റിൽ ബിരുദം നേടിയവർ എച്ച്.എസ്.എ തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല.
(6) അപേക്ഷയിൽ യോഗ്യതകൾ രേഖപ്പെടുത്തുമ്പോൾ ബിരുദത്തിന്/ ബിരുദാനന്തര ബിരുദത്തിന് ഐച്ഛികമായി പഠിച്ച വിഷയം കൂടി രേഖപ്പെടുത്തേണ്ടതാണ്. അതുപോലെ തന്നെ ബി.എഡ്/ബി.റ്റി ബിരുദത്തിനൊപ്പം ബ്രാക്കറ്റിൽ ഏതു വിഷയത്തിലാണ് B.Ed/B.T ലഭിച്ചിട്ടുള്ളതെന്നും രേഖപ്പെടുത്തിയിരിക്കണം.
(7) കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നും ബി.എഡ്/ബി.റ്റി ബിരുദം നേടിയവർ ആയത് ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള ട്രെയിനിംഗ് യോഗ്യതയ്ക്കു തുല്യമായി കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച ഉത്തരവിന്റെ നമ്പർ, തീയതി എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.
NB: ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 370/2012 ൻമേൽ 19.6.12 ലെ ഉത്തരവ് പ്രകാരം ബിരുദത്തിന് ഫിസിക്സും കെമിസ്ട്രിയും മെയിൻ ആയോ സബ്സിഡിയറിയായോ പഠിച്ചിട്ടില്ലാത്ത ഉദ്യോഗാർത്ഥികളെ ഈ തസ്തികയുടെ തെരെഞ്ഞെടുപ്പിന് പരിഗണിക്കുന്നതല്ല.
കുറിപ്പ്: KS & SSR Part II Rule 10 (a) (ii) ഈ തസ്തികയ്ക്ക് ബാധകമായിരിക്കും
**പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് അനുബന്ധം X കാണുക.**

## കാറ്റഗറി നമ്പർ: 754/2014
## എൽ.പി.സ്കൂൾ അസിസ്റ്റന്റ് (തമിഴ് മാധ്യമം)
## വിദ്യാഭ്യാസം
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

1. **വകുപ്പ്** : വിദ്യാഭ്യാസം
2. **ഉദ്യോഗപ്പേര്** : എൽ.പി.സ്കൂൾ അസിസ്റ്റന്റ് (തമിഴ് മാധ്യമം)
3. **ശമ്പളം** : ₹ 13,210 – 22,360/–
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

തിരുവനന്തപുരം ഈഴവ/ബില്ലവ/തിയ്യ 1 (ഒന്ന്)

5. **നിയമനരീതി** : നേരിട്ടുള്ള നിയമനം

ഈഴവ/ബില്ലവ/തിയ്യ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം

6. **പ്രായം** : 18–43 ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടുതീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്:** വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് കക പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2 (i) ഒഴികെ.

**7.യോഗ്യതകൾ** : 1) കേരള ഗവൺമെന്റിന്റെ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റി നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പ്രീഡിഗ്രി പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ ഹയർ സെക്കന്ററി പരീക്ഷ ബോർഡ് നടത്തുന്നതോ അംഗീകരിച്ചതോ ആയ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

കൂടാതെ

2) കേരള ഗവൺമെന്റിന്റെ പരീക്ഷാകമ്മീഷണർ നടത്തുന്ന ടി.ടി.സി (തമിഴ്) പരീക്ഷ പാസ്സായിരിക്കണം.

**കുറിപ്പ്** (i) കേരളത്തിൽ നിന്നുള്ള ടി.ടി.സി (തമിഴ്) പരീക്ഷ പാസ്സായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ തമിഴ് നാട് സർക്കാർ നൽകുന്ന ടി.ടി.സി (തമിഴ്) യോ തമിഴ് നാട് സർക്കാർ നൽകുന്ന ടീച്ചർ എഡ്യൂക്കേഷൻ ഡിപ്ലോമ (റഗുലർ) യോഗ്യതയോ ഉള്ളവരെയും പരിഗണിക്കുന്നതാണ്.

(ii) ബി.എഡ്. യോഗ്യത ടി.ടി.സി യോഗ്യതക്ക് പകരമായി പരിഗണിക്കുന്നതല്ല.

(i) എഴുത്തുപരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ്സ് തമിഴിൽ ആയിരിക്കും. ഉത്തരങ്ങളും തമിഴിൽ എഴുതേണ്ടതാണ്.

KS & SSR Part II Rule 10 (a) (ii) ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

**പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് അനുബന്ധം X ൽ i,ii കാണുക.**

## കാറ്റഗറി നമ്പർ: 755/2014 – 764/2014
## ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക്
## (യു.പി.എസ്)
## വിദ്യാഭ്യാസം
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

1. **വകുപ്പ്** : വിദ്യാഭ്യാസം
2. **ഉദ്യോഗപ്പേര്** : ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (യു.പി.എസ്)
3. **ശമ്പളം** : ₹ 11,620 – 20,240/–
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

**755/2014** **ഈഴവ/ബില്ലവ/തിയ്യ**
കണ്ണൂർ 2 (രണ്ട്)
കാസറഗോഡ് 4 (നാല്)
കോഴിക്കോട് 2 (രണ്ട്)
മലപ്പുറം 10 (പത്ത്)
പാലക്കാട് 2 (രണ്ട്)

**756/2014** **പട്ടികജാതി**
തിരുവനന്തപുരം 1 (ഒന്ന്)
മലപ്പുറം 5 (അഞ്ച്)
പാലക്കാട് 3 (മൂന്ന്)
കാസറഗോഡ് 3 (മൂന്ന്)
കണ്ണൂർ 2 (രണ്ട്)
കോഴിക്കോട് 1 (ഒന്ന്)

**757/2014** **പട്ടികവർഗ്ഗം**
മലപ്പുറം 2 (രണ്ട്)
കോഴിക്കോട് 1 (ഒന്ന്)

**758/2014** **ലത്തീൻ കത്തോലിക്ക/ ആംഗ്ലോ ഇൻഡ്യൻ**
പാലക്കാട് 1 (ഒന്ന്)
കാസറഗോഡ് 2 (രണ്ട്)
മലപ്പുറം 1 (ഒന്ന്)

**759/2014** **ഒ.ബി.സി**
മലപ്പുറം 3 (മൂന്ന്)
ആലപ്പുഴ 1 (ഒന്ന്)
പാലക്കാട് 1 (ഒന്ന്)

**760/2014** **വിശ്വകർമ്മ**
മലപ്പുറം 1 (ഒന്ന്
കാസറഗോഡ് 1 (ഒന്ന്)
പാലക്കാട് 1 (ഒന്ന്)
കണ്ണൂർ 1 (ഒന്ന്
വയനാട് 1 (ഒന്ന്)

**761/2014** SIUC **നാടാർ**
മലപ്പുറം 1 (ഒന്ന്)

**762/2014** **മറ്റ്ക്രിസ്ത്യാനികൾ**
മലപ്പുറം 1 (ഒന്ന്)
കോഴിക്കോട് 1 (ഒന്ന്)

**763/2014** **ധീവര**
കോഴിക്കോട് 1 (ഒന്ന്
മലപ്പുറം 1 (ഒന്ന്)

**764/2014** **ഹിന്ദു നാടാർ**
മലപ്പുറം 1 (ഒന്ന്)

31/5/11 തീയതിയിലെ ഗസറ്റിൽ 128/11, 24/4/12 ലെ ഗസറ്റിൽ 108/12 മുതൽ 117/12 വരെ, 31/12/12 ലെ ഗസറ്റിൽ 738/12 to 741/12 എന്നീ കാറ്റഗറികളിലായി വിജ്ഞാപനം ചെയ്ത തസ്തികകളുടെ പുന:വിജ്ഞാപനം.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം. (മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

6. **പ്രായം** : 18–43. ഈഴവ, ലത്തിൻ കത്തോലിക്കർ/ആംഗ്ലോ ഇൻഡ്യൻ, ഒ.ബി.സി, വിശവകർമ്മ, എസ്.ഐ.യു.സി നാടാർ, മറ്റ് ക്രിസ്ത്യാനികൾ, ധീവര, ഹിന്ദു നാടാർ എന്നീ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02/01/1971നും 01/01/1996നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ].

18–45. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളും പ്രായപൂർത്തി ആയതിനുശേഷം പട്ടികജാതിയിൽ നിന്നും കൃസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവരോ അവരുടെ സന്താനങ്ങളോ ആയ O X വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളും 02/01/1969നും 01/01/1996നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ].

കുറിപ്പ് : യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി (50) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച ആനുകൂല്യങ്ങൾക്ക് പൊതുവ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ.

7. **യോഗ്യതകൾ** :കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബി ഭാഷയിലുള്ള ബിരുദം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ഒരു ടൈറ്റിൽ.

അല്ലെങ്കിൽ

എസ്.എസ്.എൽ.സി അഥവാ തത്തുല്യമായ യോഗ്യതയും കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ഹയർ) പരീക്ഷയും പാസ്സായിരിക്കണം.

അല്ലെങ്കിൽ

(എ) എസ്.എസ്.എൽ.സി അഥവാ തത്തുല്യമായ പരീക്ഷ പാസ്സായിരിക്കണം.

(ബി) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി അദ്ധ്യാപക പരീക്ഷയും പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള/കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അറബി പ്രിലിമിനറി പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കോഴിക്കോട് സർവ്വകലാശാലയിൽ നിന്നും പാർട്ട് കകക അറബി (സ്പെഷ്യൽ ഓപ്ഷണൽ) എടുത്ത്
പ്രീഡിഗ്രി പാസ്സായിരിക്കണം.

KS & SSR Rule 10 a (ii) ബാധകമാണ്.

**പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് അനുബന്ധം X ൽ i,ii കാണുക.**

## കാറ്റഗറി നമ്പർ: 765/2014 – 768/2014
## ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക്
## (എൽ.പി.എസ്)
## വിദ്യാഭ്യാസം
## നാലാം എൻ.സി.എ. വിജ്ഞാപനം

1. **വകുപ്പ്** : വിദ്യാഭ്യാസം
2. **ഉദ്യോഗപ്പേര്** : ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്)
3. **ശമ്പളം** : ₹ 11,620 – 20,240/
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

765/2014 കോഴിക്കോട് ഈഴവ/ബില്ലവ/തിയ്യ 5 (അഞ്ച്)
766/2014 കോഴിക്കോട് ഒ.ബി.സി 1 (ഒന്ന്)
767/2014 കോഴിക്കോട് പട്ടികജാതി 5 (അഞ്ച്)
768/2014 കോഴിക്കോട് പട്ടികവർഗ്ഗം 1 (ഒന്ന്)
പാലക്കാട് പട്ടികവർഗ്ഗം 1 (ഒന്ന്)
കണ്ണൂർ പട്ടികവർഗ്ഗം 1 (ഒന്ന്)
വയനാട് പട്ടികവർഗ്ഗം 1 (ഒന്ന്)

24.4.2012 തീയതിയിലെ ഗസറ്റിൽ കാറ്റഗറി 105/2012,106/2012,107/2012 എന്നീ കാറ്റഗറി നമ്പറുകളായും 11.4.2014 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 86/14 ആയും വിജ്ഞാപനം ചെയ്ത തസ്തികയുടെ 4–ാംപുന:വിജ്ഞാപനം.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം. (ഈഴവ/ബില്ലവ/തിയ്യ,ഒ.ബി.സി, പട്ടികജാതി, പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം). (പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികളെയും പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെയും പരിഗണിക്കുന്നതാണ്).

6. **പ്രായം** : 18–43. ഈഴവ/ബില്ലവ/തിയ്യ,ഒ.ബി.സി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

18–45. പട്ടികജാതി, പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1969നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക ഖണ്ഡിക 2(i) ഒഴികെ.

7. **യോഗ്യതകൾ** :

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബി ഭാഷയിലുള്ള ബിരുദം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ഒരു ടൈറ്റിൽ.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരളാ യൂണിവേഴ്സിറ്റിയോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയോ നടത്തുന്ന അറബി പ്രവേശന പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ അറബി ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും രണ്ടും അറബിയെടുത്ത് പാസ്സായിരിക്കണം.

അല്ലെങ്കിൽ

(എ) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

(ബി) 1) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ഹയർ) പരീക്ഷ പാസ്സായിരിക്കണം.

2) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ലോവർ) പരീക്ഷ പാസ്സായിരിക്കണം.

**കുറിപ്പ്:** KS & SSR Part II Rule 10 (a) (ii) ഈ തസ്തികയ്ക്ക് ബാധകമായിരിക്കും

**പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് അനുബന്ധം X ൽ i,ii കാണുക.**

## കാറ്റഗറി നമ്പർ: 769/2014
## ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക്
## (എൽ.പി.എസ്)
## വിദ്യാഭ്യാസം
## മൂന്നാം എൻ.സി.എ. വിജ്ഞാപനം

1. **വകുപ്പ്** : വിദ്യാഭ്യാസം
2. **ഉദ്യോഗപ്പേര്** : ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്)
3. **ശമ്പളം** : ₹ 11,620 – 20,240/–
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

ലത്തീൻ കത്തോലിക്കർ കോഴിക്കോട് 2 (രണ്ട്)

13.4.2009 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 86/09 ആയും 30.04.2012 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 158/2012 ആയും വിജ്ഞാപനം ചെയ്ത തസ്തികയുടെ 3–ാംപുന:വിജ്ഞാപ

നം.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (ലത്തീൻ കത്തോലിക്കർ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**6. പ്രായം** : 18–43. ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

**കുറിപ്പ്** : വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക ഖണ്ഡിക 2(i) ഒഴികെ.

**7. യോഗ്യതകൾ** : കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബി ഭാഷയിലുള്ള ബിരുദം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ഒരു ടൈറ്റിൽ.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരളാ യൂണിവേഴ്സിറ്റിയോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയോ നടത്തുന്ന അറബി പ്രവേശന പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ അറബി ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും രണ്ടും അറബിയെടുത്ത് പാസ്സായിരിക്കണം.

അല്ലെങ്കിൽ

(എ) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

(ബി) 1) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ഹയർ) അറബി പരീക്ഷ പാസ്സായിരിക്കണം.
2) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ലോവർ) പരീക്ഷ പാസ്സായിരിക്കണം.

കുറിപ്പ്: KS & SSR Part II Rule 10 (a) (ii) ഈ തസ്തികയ്ക്ക് ബാധകമായിരിക്കും

**പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് അനുബന്ധം X ൽ iii കാണുക.**

## കാറ്റഗറി നമ്പർ: 770/2014 – 771/2014
## നേഴ്സ് ഗ്രേഡ് II (ഹോമിയോ)
## ഹോമിയോപ്പതി
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ഹോമിയോപ്പതി
**2. ഉദ്യോഗപ്പേര്** : നേഴ്സ് ഗ്രേഡ് II (ഹോമിയോ)
**3. ശമ്പളം** : ₹ 10480 – 18300/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നമ്പർ | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 770/2014 | പട്ടിക ജാതി | കോട്ടയം 01 (ഒന്ന്) |
| 771/2014 | മുസ്ലീം | കാസർഗോഡ് 01 (ഒന്ന്) |

പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്.

**5. നിയമന രീതി:** നേരിട്ടുള്ള നിയമനം. (പട്ടികജാതി, മുസ്ലീം സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം :** പട്ടികജാതി. 18–41. ഉദ്യോഗാർത്ഥികൾ 02.01.1973 നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ]

മുസ്ലീം. 18–39. ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ]

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങള്ക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് ക കലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.(ഖണ്ഡിക 2 (i) ഒഴികെ)

**7. യോഗ്യതകൾ** : (i) എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീക്ഷയോ ജയിച്ചിരിക്കണം.

(ii) കേരള ഗവണ്മെന്റ് നടത്തുന്ന ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സ് (ജി.എൻ.എം.) വിജയകരമായി പൂർത്തി യാക്കിയതിനുശേഷം ലഭിച്ചിട്ടുള്ള പാസ്സ് സർട്ടിഫിക്കറ്റോ ഗവ. അംഗീകരിച്ച തത്തുല്യമായ യോഗ്യതയോ ഉണ്ടായിരിക്കണം

ഈ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊബേഷൻ കാലയളവിൽ ഹോമിയോപതി വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും ആശുപത്രിയിലെ ഫാർമസിയിൽ 3 മാസത്തെ ട്രെയിനിംഗ് നേടിയിരിക്കണം.

കുറിപ്പ്: ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 772/2014
## നേഴ്സ് ഗ്രേഡ് II (ഹോമിയോ)
## ഹോമിയോപ്പതി
## രണ്ടാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ഹോമിയോപ്പതി
**2. ഉദ്യോഗപ്പേര്** : നേഴ്സ് ഗ്രേഡ് I (ഹോമിയോ)
**3. ശമ്പളം** : ₹ 10480 – 18300/–
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
ലത്തീൻ കത്തോലിക്ക കോട്ടയം 01 (ഒന്ന്)

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം. (ലത്തീൻ കത്തോലിക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6 പ്രായം** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1975 നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ]

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് കകലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ** : (i) എസ്.എസ്. എൽ.സിയോ തത്തുല്യമായ പരീക്ഷയോ ജയിച്ചിരിക്കണം.

(ii) കേരള ഗവൺമെന്റ് നടത്തുന്ന ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സ് (ജി.എൻ.എം.) വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ലഭിച്ചിട്ടുള്ള പാസ്സ് സർട്ടിഫിക്കറ്റോ ഗവ. അംഗീകരിച്ച തത്തുല്യമായ യോഗ്യതയോ ഉണ്ടായിരിക്കണം

ഈ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊബേഷൻ കാലയളവിൽ ഹോമിയോപതി വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും ആശുപത്രിയിലെ ഫാർമസിയിൽ 3 മാസത്തെ ട്രെയിനിംഗ് നേടിയിരിക്കണം.

**കുറിപ്പ്:** ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 773/2014
## ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
## ഹോമിയോപ്പതി
## നാലാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : ഹോമിയോപ്പതി
**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
**3. ശമ്പളം** : ₹ 10480 – 18300/
**4. ഒഴിവുകളുടെ എണ്ണം**: ജില്ലാടിസ്ഥാനത്തിൽ

| | | |
|---|---|---|
| എൽ.സി | തൃശ്ശൂർ | 1 (ഒന്ന്) |
| ” | കോഴിക്കോട് | 1 (ഒന്ന്) |
| ” | പത്തനംതിട്ട | 1 (ഒന്ന്) |

(iv) കാറ്റഗറി നമ്പർ 160/09 പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനത്തിനുശേഷവും, കാറ്റഗറി നമ്പർ 166/11 പ്രകാരമുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനത്തിനുശേഷവും, കാറ്റഗറി നമ്പർ 743/12 പ്രകാരമുള്ള മൂന്നാം എൻ.സി.എ വിജ്ഞാപനത്തിനുശേഷവും ലാറ്റിൻ കാത്തലിക് സമുദായത്തിൽ നിന്നുമുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതിരുന്നതിനാലാണ് നാലാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം ( എൽ.സി സമുദായത്തില്പ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1975 നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i)ഉൾപ്പെടെ.]

